2023
MAY
30
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ജിഡിപി പ്രതീക്ഷിച്ചതിലും വളരും, 7% മറികടക്കും; ആർ.ബി.ഐ ഗവർണർ



**മുംബൈ:** ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനം (ജിഡിപി) 2022, 2023 സാമ്പത്തിക വർഷം പ്രതീക്ഷിച്ചതിലും മികച്ചതാകുമെന്ന് ആർബിഐ ഗവർണർ ശക്തികാന്ത ദാസ്. ഈ സാമ്പത്തിക വർഷം 7 ശതമാനമെന്ന കണക്കുകൂട്ടൽ മറികടക്കാൻ കഴിയുമെന്നും ഗവർണർ പറഞ്ഞു. ജനുവരി മുതൽ മാർച്ച് വരെയുള്ള നാലാം പാദത്തിൽ സാമ്പത്തിക സ്ഥിരത കൈവരിക്കാൻ രാജ്യത്തിനു കഴിഞ്ഞത് ജിഡിപിയിലും പ്രതിഫലിക്കുമെന്ന് ശക്തികാന്ത ദാസ് അറിയിച്ചു.

ഏപ്രിലിൽ ഏഷ്യൻ ഡെവലപ്മെൻറ് ബാങ്ക് ഇന്ത്യയുടെ ജി!ഡിപി 6.4% ആണ് പ്രവചിച്ചത്. 2024 സാമ്പത്തിക വർഷത്തിലിത് 6.7% ത്തിലെത്തുമെന്നും പ്രവചിച്ചിരുന്നു. സർക്കാർ പോളിസികളിൽ സ്വകാര്യനിക്ഷേപം വർധിക്കുന്നതും അടിസ്ഥാന സൗകര്യവികസനം മെച്ചപ്പെട്ടതും രാജ്യത്തിന് ഗുണകരമായെന്ന് എഡിബി വ്യക്തമാക്കിയിരുന്നു. എന്നാൽ രാജ്യത്തെ സാമ്പത്തിക നയം കർക്കശമാക്കിയതും രാജ്യാന്തര തലത്തിലുള്ള മാന്ദ്യവും ക്രൂഡ് വിലയിലെ ചാഞ്ചാട്ടവും 2023ലെ പ്രവചനത്തിൽ കല്ലുകടിയായി.

റേറ്റിങ്ങ് സ്ഥാപനമായ മൂഡീസ് മാത്രമാണ് ഇന്ത്യയുടെ വളർച്ചാ പ്രവചനം മെച്ചപ്പെടുത്തിയത്. മാർച്ച് ആദ്യ വാരം പുറത്തിറക്കിയ റിപ്പോർട്ടിൽ 2023, 24 സാമ്പത്തിക വർഷത്തെ ജിഡിപി 4.8% ത്തിൽ നിന്നു 5.5% ആക്കി ഉയർത്തി. ഇത്തവണത്തെ ബജറ്റിൽ മൂലധന ചെലവ് ഉയർത്തിയതും രാജ്യം സാമ്പത്തിക സ്ഥിരത കൈവരിച്ചതും മൂഡീസ് നേട്ടമായി വിലയിരുത്തി.

കേന്ദ്ര സർക്കാർ 10 ലക്ഷം കോടി രൂപയാണ് ഇത്തവണ മൂലധന ചെലവിലേക്കായി മാറ്റിയത്. ഇത് രാജ്യത്തെ ജിഡിപിയുടെ 3.3 ശതമാനമാണ്. ആർ.ബി.എഗവർണറുടെ പ്രവചനം പോലെ ജിഡിപി 7%ത്തിലേക്കെത്തിയാൽ രാജ്യം സാമ്പത്തികമായി ഏറെ മുന്നിലാണെന്ന് കണക്കാക്കാം.

# വിപണിയിൽ വീണ്ടും വൻ മുന്നേറ്റം




**മുംബൈ:** കഴിഞ്ഞ വാരം നേട്ടത്തിലവസാനിച്ച വിപണിയിൽ വീണ്ടും റെക്കോർഡുകളുടെ പെരുമഴ. കഴിഞ്ഞ വെള്ളിയാഴ്ച്ച റിലയൻസിന്റെ ഓഹരിയിലുണ്ടായ മുന്നേറ്റത്തിൽ 2023ൽ ആദ്യമായി 18,500 മറികടന്ന് നിഫ്റ്റി 50. ഇന്നലെ വ്യാപാരം ആരംഭിച്ചപ്പോൾത്തന്നെ നിഫ്റ്റി ബാങ്ക് സൂചിക റെക്കോർഡ് തലത്തിലെത്തി. 18,615 നു മുകളിലായി വ്യാപാരം ആരംഭിച്ച നിഫ്റ്റി സൂചികയിൽ ബാങ്ക് സൂചികകളെല്ലാം നേട്ടത്തിലാണ്.

സെൻസെക്സ് 500 പോയിന്റിലേറെ ഉയർന്ന് 63,000 ലെവൽ പിന്നിട്ടു. ആദ്യഘട്ട വ്യാപാരത്തിൽ നിഫ്റ്റി ബാങ്ക് സൂചിക 0.6% വരെ മുന്നിലെത്തി. ഇതോടെ 44,350 എന്ന ലെവലിനു മുകളിലായി വിപണിയിൽ വ്യാപാരം പുരോഗമിക്കുന്നു. വിപണിയിലെ ഭൂരിഭാഗം സെക്ടറുകളും ഇന്നലെ നേട്ടത്തിലാണ് വ്യാപാരം ആരംഭിച്ചത്. എൻഎസിയിൽ 1841 സ്റ്റോക്കുകൾ ആദ്യഘട്ട വ്യാപാരത്തിൽ മുന്നിട്ടപ്പോൾ 852 സ്റ്റോക്കുകൾ മാത്രമാണ് നഷ്ടത്തിൽ വ്യാപാരം ആരംഭിച്ചത്.

യുഎസ് ഇൻ പ്രിൻസിപിൾ ഡീലിനായി സമ്മതം മൂളിയത് കടമെടുപ്പ് പരിധി സംബന്ധിച്ച പ്രതിസന്ധികൾക്ക് താത്കാലികാശ്വാസമായി. തീരുമാനത്തോടെ ഏഷ്യൻ വിപണികളിലെല്ലാം മാറ്റം പ്രകടമാണ്. വിദേശ സ്ഥാപനങ്ങളുടെ നിക്ഷേപം വർധിച്ചതും ജിഡിപി മെച്ചപ്പെടുമെന്ന വാർത്തയും നിഫ്റ്റിയിൽ പ്രകടമാണ്. ഉപഭോക്തൃ വില സൂചിക റിസർവ് ബാങ്കിന്റെ സഹനപരിധിയിൽ വരുന്നതും മാർക്കറ്റിൽ ഗുണം ചെയ്യും.

ഓഹരി വിലയിലെ വർധവന നിക്ഷേപകർ സ്റ്റോക്കുകൾ വിറ്റഴിക്കുന്നതിനു കാരണമാകുമോ എന്നതാണ് മറ്റൊരു വെല്ലുവിളി. രാവിലെ 10.45ന് വിപണിയിൽ മെറ്റൽ സൂചിക 1%ത്തിലധികം നേട്ടത്തിൽ വ്യാപാരം നടക്കുന്നു. ഐസിഐസിഐ ലൊമ്പാർഡ് 11%ത്തിലേറെ മുന്നേറി വിപണിയിൽ നേട്ടമെടുപ്പ് തുടരുന്നു.

അദാനി ട്രാൻസ്മിഷൻ, ഐടിഐ, നാറ്റ്കോ ഫാർമ, എൻബിസിസി, ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി, റെയിൽ വികാസ് നിഗം, ശ്രീറാം പ്രോപ്പർട്ടീസ്, ടൊറന്റ് പവർ, സീ മീഡിയ കോർപ്പറേഷൻ എന്നീ പ്രമുഖ കമ്പനികളുടെ റിസൽട്ടുകൾ ഇന്ന് പുറത്തുവിടും.

## മണിപ്പുരിൽ അക്രമികളുടെ കൈവശം ചൈനീസ് നിർമിത ആയുധങ്ങൾ; 3 പേരെ പിടികൂടി സൈന്യം

**ഇംഫാൽ:** സംഘർഷം തുടരുന്ന മണിപ്പൂരിൽ ആയുധങ്ങളുമായി മൂന്ന് അക്രമികൾ പിടിയിൽ. ഇവരിൽനിന്ന് ചൈനീസ് നിർമിത ആയുധങ്ങളുൾപ്പെടെ കണ്ടെത്തി. 3 ദിവസത്തെ സന്ദർശനത്തിനായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ എത്തുന്നതിനു മുൻപേയാണ് അക്രമികളെ സൈന്യം പിടികൂടിയത്.ഇംഫാലിൽ സിറ്റി കൺവെൻഷൻ സെന്റർ പ്രദേശത്തു സംശയകരമായ നിലയിൽ കാറിൽ നാലുപേർ യാത്ര ചെയ്യുന്നുണ്ടെന്നു സുരക്ഷാസേനയ്ക്കു വിവരം ലഭിച്ചു. കാർ തടഞ്ഞുനിർത്തി പരിശോധിക്കുന്നതിനിടെ യാത്രക്കാർ കടന്നുകളഞ്ഞു. കാറിലുണ്ടായിരുന്ന മൂന്നു പേരെ സേന പിന്നാലെ ഓടി പിടികൂടി.






# കപ്പുയർത്തി ചെന്നൈ സൂപ്പർ കിങ്സ്

**അഹമ്മദാബാദ്:** അവസാന പന്തുവരെ നീണ്ട ആവേശപ്പോരാട്ടത്തിൽ ഗുജറാത്ത് ടൈറ്റൻസിനെ തകർത്ത് ചെന്നൈ സൂപ്പർ കിങ്സിന് ഐപിഎൽ കിരീടം. 15ാം ഓവറിലെ അവസാന പന്തിൽ ജയിക്കാൻ നാലു റൺസ് വേണമെന്നിരിക്കെ, മോഹിത് ശർമയെറിഞ്ഞ പന്ത് ഫോറടിച്ച് അഹമ്മദാബാദിൽ സിഎസ്കെയുടെ വിജയമുറപ്പിച്ചത് രവീന്ദ്ര ജഡേജയാണ്. ടൈറ്റൻസിനെതിരായ വിജയം അഞ്ച് വിക്കറ്റുകൾക്ക്. ചെന്നൈ സൂപ്പർ കിങ്സിന്റെ അഞ്ചാം ഐപിഎൽ കിരീടനേട്ടമാണിത്. ഇതോടെ ഐപിഎൽ കിരീടങ്ങളിൽ ചെന്നൈ മുംബൈ ഇന്ത്യൻസിനൊപ്പമെത്തി.

25 പന്തിൽ 47 റൺസെടുത്ത ഡെവോൺ കോൺവെയാണു ചെന്നൈയുടെ ടോപ് സ്കോറർ. അവസാന ഓവറുകളിൽ തകർത്തടിച്ച ശിവം ദുബെ (21 പന്തിൽ 32), രവീന്ദ്ര ജഡേജ (ആറു പന്തിൽ 15) എന്നിവരുടെ പോരാട്ടവും നിർണായകമായി. മറുപടി ബാറ്റിങ്ങിൽ ചെന്നൈ സൂപ്പർ കിങ്സ് മൂന്നാം പന്തു നേരിട്ടതിനു പിന്നാലെയാണു മഴയെത്തിയത്. രണ്ട് മണിക്കൂറിനും 20 മിനിറ്റിനും ശേഷം വീണ്ടും കളി തുടങ്ങി. മഴ നിയമപ്രകാരം ചെന്നൈയുടെ വിജയലക്ഷ്യം 15 ഓവറിൽ 171 റൺസാക്കി. മികച്ച തുടക്കമാണ് ഓപ്പണർമാർ ചെന്നൈയ്ക്കു നൽകിയത്. ഓപ്പണിങ് വിക്കറ്റിൽ 74 റൺസിന്റെ കൂട്ടുകെട്ട് ഋതുരാജ് ഗെയ്ക്‌വാദും ഡെവോൺ കോൺവെയും ചേർന്ന്പടുത്തുയർത്തി. 16 പന്തുകളിൽനിന്ന് 26 റൺസെടുത്ത ഗെയ്ക്‌വാദ് നൂർ അഹമ്മദിന്റെ പന്തിൽ റാഷിദ് ഖാൻ ക്യാച്ചെടുത്താണു പുറത്തായത്. തൊട്ടുപിന്നാലെ ഡെവോൺ കോൺവെയെ പുറത്താക്കി നൂർ അഹമ്മദ് വിക്കറ്റ് നേട്ടം രണ്ടാക്കി. 9.1 ഓവറിലാണ് ചെന്നൈ 100 കടന്നത്.

സ്കോർ 117ൽ നിൽക്കെ അജിൻക്യ രഹാനെയെ (13 പന്തിൽ 27) മോഹിത് ശർമ മടക്കി. മോഹിത്ത് എറിഞ്ഞ 13 ാം ഓവറിൽ അംബാട്ടി റായുഡുവും (എട്ട് പന്തിൽ 19), ക്യാപ്റ്റൻ എം.എസ്. ധോണിയും പുറത്തായതോടെ ചെന്നൈ സമ്മർദത്തിലായി. ധോണിയുടെ ബാറ്റിങ് കാണാനെത്തിയ ആരാധകരും നിരാശരായി. അവസാന ഓവറിൽ ചെന്നൈയ്ക്കു ജയിക്കാൻ വേണ്ടിയിരുന്നത് 13 റൺസായിരുന്നു. ആദ്യ പന്ത് ഡോട്ട് ബോളായെങ്കിലും, പിന്നീടുള്ള മൂന്നു പന്തുകളിൽ ഓരോ റൺസ് വീതം ചെന്നൈ നേടി. അഞ്ചാം പന്ത് സിക്സർ പറത്തിയതോടെ ചെന്നൈ ഡഗ്ഔട്ട് ഉണർന്നു. മോഹിത് ശർമയുടെ ലോ ഫുൾ ടോസ് ബൗണ്ടറി കടത്തി ജഡേജ ചെന്നൈയുടെ വിജയമുറപ്പിച്ചു.

ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ ഗുജറാത്ത് 20 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ നേടിയത് 214 റൺസ്. സെഞ്ചറി നഷ്ടമായ തമിഴ്നാടിന്റെ യുവതാരം സായ് സുദർശനാണ് ഗുജറാത്തിനായി തിളങ്ങിയത്. 47 പന്തുകൾ നേരിട്ട സായ് സുദർശൻ 96 റൺസെടുത്തു. 39 പന്തിൽ 54 റൺസെടുത്ത് പുറത്തായ ഓപ്പണർ വൃദ്ധിമാൻ സാഹയും ഗുജറാത്തിനായി ഗുജറാത്ത് ടൈറ്റൻസിന് ആദ്യ വിക്കറ്റ് നഷ്ടമായത് ഏഴാം ഓവറിലായിരുന്നു. പവർപ്ലേയിലെ (ആറ് ഓവർ) പവർഫുൾ ഗെയിമിനു ശേഷം ഗുജറാത്തിന് നഷ്ടമായത് ഓപ്പണർ ശുഭ്മൻ ഗില്ലിനെ. ആദ്യ ഓവറിൽ ഗുജറാത്തിന് നേടാൻ സാധിച്ചത് നാല് റൺസ് മാത്രമായിരുന്നു. ഗുജറാത്ത് ബൗണ്ടറികൾ കണ്ടെത്തിയതോടെ സ്കോർ ഉയർന്നു. ബാറ്റിങ് പവർ പ്ലേയിൽ അവർ നേടിയത് 62 റൺസ്. മികച്ച തുടക്കം മുതലാക്കാമെന്ന ടൈറ്റൻസിന്റെ മോഹം ചെന്നൈ ക്യാപ്റ്റൻ ധോണിയും ഓൾ റൗണ്ടർ രവീന്ദ്ര ജഡേജയും ചേർന്നു തകർത്തു. ജഡേജയുടെ പന്ത് നേരിടാൻ ഗില്ലിന് സാധിക്കാതെ പോയതോടെ ധോണി സ്റ്റംപ് ചെയ്തു. സാഹയും സായ് സുദർശനും തകർത്തടിച്ചതോടെ 11.1 ഓവറിൽ ഗുജറാത്ത് 100 കടന്നു. സ്കോർ 131 ൽ നിൽക്കെ ധോണി ക്യാച്ചെടുത്ത് സാഹ മടങ്ങി.

മൂന്നാമനായിറങ്ങിയ ക്യാപ്റ്റൻ ഹാർദിക് പാണ്ഡ്യ പിന്തുണയേകി നിലയുറപ്പിച്ചപ്പോൾ വെടിക്കെട്ടിന്റെ ഉത്തരവാദിത്തം സായ് സുദർശൻ ഏറ്റെടുത്തു. 15.4 (94 പന്ത്) ഓവറിൽ ടൈറ്റൻസ് 150 പിന്നിട്ടു. സെഞ്ചറിയിലേക്കു കുതിച്ച സായ് സുദർശന് മതീഷ പതിരാന എറിഞ്ഞ 20 ഓവറിലാണ് അടിപിഴിച്ചത്. ആറ് സിക്സും എട്ട് ഫോറുകളും പറത്തിയ സുദർശൻ ബാറ്റിങ് തീരാൻ മൂന്ന് പന്തുകൾ മാത്രം ബാക്കി നിൽക്കെ എൽബി ആയി. ക്യാപ്റ്റൻ ഹാർദിക് ഡിആർഎസിനു പോയെങ്കിലും ഫലം കണ്ടില്ല. 12 പന്തിൽ 21 റൺസെടുത്ത് ഹാർദിക് പാണ്ഡ്യ പുറത്താകാതെ നിന്നു. റാഷിദ് ഖാന് റണ്ണൊന്നും നേടാൻ സാധിച്ചില്ല. ചെന്നൈയ്ക്കായി മതീഷ പതിരാന രണ്ടു വിക്കറ്റും ദീപക് ചാഹർ, രവീന്ദ്ര ജഡേജ എന്നിവർ ഓരോ വിക്കറ്റ് വീതവും വീഴ്ത്തി.

## ഗസ്റ്റ് അധ്യാപക ഒഴിവ്

**തലശ്ശേരി:** തലശ്ശേരി ഗവ. ബ്രണ്ണൻ കോളജിൽ 202324 അദ്ധ്യയന വർഷത്തേക്ക് ഇസ്ലാമിക് ഹിസ്റ്ററി വിഷയത്തിൽ ഗസ്റ്റ് അധ്യാപകരെ ആവശ്യമുണ്ട്. കോഴിക്കോട് കോളജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്ത ബിരുദാനന്തര ബിരുദത്തിൽ 55 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയ യു.ജി.സി. നെറ്റ് യോഗ്യതയുള്ളവർ പ്രിൻസിപ്പാളിന്റെ ചേമ്പറിൽ വച്ച് ജൂൺ ആറിനു രാവിലെ 11 മുതൽ നടക്കുന്ന ഇന്റർവ്യൂവിനു അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം. നെറ്റ് യോഗ്യത ഇല്ലാത്തവരുടെ അഭാവത്തിൽ ബിരുദാനന്തര ബിരുദം ഉള്ളവരെ പരിഗണിക്കും. കൂടുതൽ വിവരങ്ങൾക്ക്: brennencollege@gmail.com.

## എച്ച്.ഡി.സി ആൻഡ് ബി.എം പരീക്ഷ

**തിരുവനന്തപുരം:** സംസ്ഥാന സഹകരണ യൂണിയൻ കേന്ദ്ര പരീക്ഷാ ബോർഡ് നടത്തുന്ന എച്ച്.ഡി.സി ആൻഡ് ബി.എം കോഴ്സിന്റെ 2014 സ്കീം, 2021 സ്കീം എന്നിവയുടെ ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകൾ ഓഗസ്റ്റ് രണ്ടിന് തുടങ്ങും. പരീക്ഷാ ഫീസ് ജൂലൈ നാലു മുതൽ 11 വരെ പിഴയില്ലാതെയും, 12 മുതൽ 14 വരെ 50 രൂപ പിഴയോടുകൂടിയും സഹകരണ പരിശീലന കോളജുകളിൽ സ്വീകരിക്കും.

## ഐ.എച്ച്.ആർ.ഡി സൗജന്യ കോഴ്സ്

**തിരുവനന്തപുരം:** ഐ.എച്ച്.ആർ.ഡിയുടെ തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിൽ ശാസ്ത്ര സാങ്കേതിക മ്യൂസിയം ക്യാമ്പസിനുള്ളിൽ പ്രവർത്തിക്കുന്ന മോഡൽ ഫിനിഷിങ് സ്കൂളിൽ ആരംഭിക്കുന്ന കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു.

സൗജന്യ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് എസ്.സി/ എസ്.ടി വിഭാഗത്തിൽപ്പെട്ടവരിൽ നിന്നാണ് അപേക്ഷകൾ ക്ഷണിച്ചത്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 3.

സർട്ടിഫൈഡ് ഡാറ്റാ എൻട്രി ആൻഡ് ഓഫീസ് അസിസ്റ്റന്റ് (210 മണിക്കൂർ ദൈർഘ്യം, യോഗ്യത: എസ്.എസ്.എൽ.സി/ഐ.റ്റി.ഐ), സർട്ടിഫൈഡ് കംപ്യൂട്ടർ ആപ്ലിക്കേഷൻ അക്കൗണ്ടിങ് ആൻഡ് പബ്ലിഷിങ് അസിസ്റ്റന്റ് (360 മണിക്കൂർ. യോഗ്യത: എസ്.എസ്.എൽ.സി/ഐ.റ്റി.ഐ) എന്നിവയാണ് കോഴ്സുകൾ. കൂടുതൽ വിവരങ്ങൾക്ക്: 8547005050.

# തീരദേശ മേഖലകളുടെ സമഗ്ര വികസനം ലക്ഷ്യം: മന്ത്രി സജി ചെറിയാൻ

**കൈപ്പമംഗലം:** സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് കൈപ്പമംഗലം നിയോജക മണ്ഡലത്തിൽ സംഘടിപ്പിച്ച തീരസദസ്സ് ഫീഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു. തീരദേശ മേഖലകളുടെ സമഗ്ര വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി പറഞ്ഞു.

തീരദേശമേഖലയിൽ വാസയോഗ്യമായ വീട് യാഥാർത്ഥ്യമാക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. . മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസം നേടുന്നതിനാവശ്യമായ എല്ലാ സൗകര്യങ്ങളും സർക്കാർ ഒരുക്കും. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ പ്രധാനമാണ്. അപകടരഹിതമായ മത്സ്യബന്ധനത്തെയാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.

അനധികൃത മത്സ്യബന്ധനത്തിനെതിരെ നടപടികൾ കർശനമാക്കും. തീരദേശ മേഖലയിലെ ലഹരി ഉപയോഗത്തിനെതിരേ ബോധവത്കരണം നടത്തുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. പെരിഞ്ഞനം എലഗൻസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഇ.ടി ടൈസൺ മാസ്റ്റർ എംഎൽഎ അധ്യക്ഷനായി.

കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ തീരദേശമേഖലയുടെ സമഗ്ര വികസനത്തിനായി സർക്കാർ നടത്തി വരുന്ന പ്രവർത്തനങ്ങളും ഇടപെടലുകളും വിശദീകരിച്ചു. ചടങ്ങിൽ 15 വർഷം പൂർത്തിയാക്കിയ ഏറ്റവും മികച്ച സംരംഭക യൂണിറ്റായ ഡ്യൂ ഡ്രോപ്സ് പേപ്പർ പ്ലെയ്റ്റ് യൂണിറ്റ്, വഞ്ചിപ്പുരയെയും, യൂണിറ്റ് അംഗങ്ങളായ ബിന്ദു, ശോഭന എന്നിവരേയും മന്ത്രി അനുമോദിച്ചു. മുതിർന്ന 16 മത്സ്യത്തൊഴിലാളികളെയും വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ച 90 പേരേയും മന്ത്രി ആദരിച്ചു. 113 പേർക്ക് ആധാരവും നൽകി. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി വിവാഹ ധനസഹായമായി 68 ഗുണഭോക്താക്കൾക്ക് 10,000 രൂപ വീതവും. മരണപ്പെട്ട നാല് മത്സ്യത്തൊഴിലാളി കുടുംബത്തിന് 15,000/ രൂപ വീതവും സാഫിന്റെ ചെറുകിട തൊഴിൽ സംരംഭങ്ങൾക്കുള്ള സാമ്പത്തികസഹായമായി 6 യൂണിറ്റുകൾക്ക് 14,10,611 രൂപയും ഉൾപ്പെടെ 23,00,611 രൂപയുടെ ധനസഹായം വിതരണം ചെയ്തു.

# മികച്ച ആദായമുണ്ടാക്കാൻ കുരുമുളക് സംസ്കരിക്കാം

ശാസ്ത്രീയമായ സംസ്കരണ മാർഗങ്ങളിലൂടെയും ഉത്പന്നങ്ങളുടെ വൈവിധ്യവത്കരണത്തിലൂടെയും കരുമുളകിൽ നിന്ന് കൂടുതൽ ആദായം നേടാനാവും. കുരുമുളകിലെ മൂല്യവർധിത ഉത്പന്നങ്ങളെ പ്രധാനമായും മൂന്നായി തിരിക്കാം.



പഴുക്കാത്തതും മൂപ്പെത്തിയതുമായ കുരുമുളക് ഉണക്കിയാണ് ഇതുണ്ടാക്കുന്നത്. വിളവെടുത്ത കുരുമുളക് തിരികൾ ഒന്നോ രണ്ടോ ദിവസം ചാക്കിൽ കെട്ടിവയ്ക്കുകയോ കൂട്ടിയിട്ടു മൂടി വയ്ക്കുകയോ ചെയ്താൽ മണികൾ വേഗം വേർപെട്ടു കിട്ടും.

ചവിട്ടി മെതിച്ചോ മെതിയന്ത്രം ഉപയോഗിച്ചോ മണികൾ വേർപ്പെടുത്തിയെടുക്കാം. പിന്നീട് മണികൾ വൃത്തിയുള്ള സ്ഥലത്ത് വെയിലത്ത് ഉണക്കണം. 35 ദിവസം ഉണക്കിയാൽ അതിലെ ജലാംശം 1012 ശതമാനമായി കുറയും.

കുരുമുളക് ഉണക്കുന്നതിനു മുന്പ് തിളച്ച വെള്ളത്തിൽ ഒരു മിനിറ്റ് മുക്കി വയ്ക്കുന്നതു വേഗം ഉണങ്ങുന്നതിനും മണികൾക്ക് തിളക്കമുള്ള കറുപ്പു നിറം കിട്ടുന്നതിനും സഹായിക്കും. ഉണങ്ങിയ മുളക് പാറ്റി വൃത്തിയാക്കി പോളീത്തീൻ ലൈനിംഗ് ഉള്ള പുതിയ ചണച്ചാക്കുകളിൽ സൂക്ഷിക്കാം.

മൂപ്പെത്തിയ അല്ലെങ്കിൽ നന്നായി പഴുത്ത കുരുമുളക് മണികളുടെ പുറം തൊലി നീക്കം ചെയ്തു സംസ്കരിച്ചെടുത്താണു വെള്ള കുരുമുളകുണ്ടാക്കുന്നത്. വെള്ള കുരുമുളകുണ്ടാക്കുന്നതിനു പല രീതികളുണ്ട്.

നന്നായി പഴുത്ത കുരുമുളക് മണികൾ ഉതിർത്തെടുത്തു ചാക്കിൽ കെട്ടി ഒഴുക്കുള്ള വെള്ളത്തിൽ അഞ്ചു മുതൽ എട്ട് ദിവസം വരെ മുക്കിവയ്ക്കണം. ഇതോടെ പുറം തൊലി അഴുകും. ഇത് ഉരച്ചു വൃത്തിയാക്കി കഴുകി പുറംതൊലി മുഴുവൻ നീക്കം ചെയ്യണം.

പിന്നീട് വെയിലത്തിട്ടു നന്നായി ഉണക്കിയെടുത്താൽ വെള്ളക്കുരുമുളകായി. ഇതു തരംതിരിച്ച് ചാക്കുകളിലാക്കി സൂക്ഷിക്കാം. പഴുത്ത 100 കിലോ കുരുമുളകിൽ നിന്ന് 25 കിലോ വെള്ളക്കുരുമുളക് ലഭിക്കും.

മൂപ്പെത്തിയതും എന്നാൽ പഴുക്കാത്തതുമായ കുരുമുളക് 1015 മിനിറ്റ് നേരം തിളച്ച വെള്ളത്തിലിടണം. തണുത്തശേഷം യന്ത്രം ഉപയോഗിച്ചോ അല്ലാതെയോ തൊലി നീക്കം ചെയ്തു കഴുകി വെയിലത്ത് ഉണക്കിയെടുക്കണം.

മണികൾ അഴുകാത്തതുകൊണ്ട് അപ്രിയമായ ഗന്ധം ഉണ്ടാവുകയില്ല എന്നതാണ് ഈ രീതിയുടെ പ്രത്യേകത. എന്നാൽ, ഇങ്ങനെയുണ്ടാക്കുന്ന വെള്ളക്കുരുമുളക് പൊടിക്ക് നേരിയ തവിട്ടുനിറം ഉണ്ടാകും എന്നതു ന്യൂനതയാണ്.

കറുത്ത കുരുമുളകിൻറെ തൊലി യന്ത്രം ഉപയോഗിച്ചു നീക്കം ചെയ്തും വെളുത്ത കുരുമുളകുണ്ടാക്കാം. പരന്പരാഗത രീതിയിലുണ്ടാക്കുന്നതിനേക്കാൾ നിറം കുറവാണെങ്കിലും പൊടിക്ക് അതെ ഗുണമുണ്ടാകും.

പക്ഷെ ഈ രീതിക്ക് പ്രത്യേക വൈദഗ്ധ്യവും വില കൂടിയ യന്ത്രങ്ങളും ആവശ്യമാണ്.

നല്ല മൂപ്പെത്തിയ കുരുമുളകിൽ ധാരാളം അന്നജവും നാരും ഉള്ളതിനാൽ പൊടി തയാറാക്കാൻ ഉത്തമമാണ്. ഉണക്കി ശുദ്ധീകരിച്ചു ഗ്രേഡ് ചെയ്ത കറുത്ത കുരുമുളക് മില്ലിൽ നേർത്ത പൊടിയാക്കാം.

അതിനുശേഷം അരിച്ചെടുത്ത്, ഈർപ്പം അളന്നതിനുശേഷം ഗ്രേഡ് ചെയ്തു പാക്കുചെയ്യാം. രണ്ട് ഗ്രേഡുകളാണു നിലവിലുള്ളത്. സ്റ്റാൻഡേർഡ് ഗ്രേഡും (പരമാവധി ഈർപ്പം 12 ശതമാനം), ജനറൽ ഗ്രേഡും (പരമാവധി ഈർപ്പം 12.3 ശതമാനം).

പച്ചക്കുരുമുളകിൽ നിന്നു വൈവിധ്യമാർന്ന നിരവധി ഉത്പന്നങ്ങൾ ഉണ്ടാക്കാം. വിദേശവിപണികളിൽ ഏറെ പ്രിയമുള്ള പച്ചക്കുരുമുളക് ഉത്പന്നങ്ങൾക്കു മികച്ച കയറ്റുമതി സാധ്യതയുമുണ്ട്.

പൂർണ മൂപ്പെത്താത്ത കുരുമുളകാണ് ഇതിന് ഉപയോഗിക്കുന്നത്. കഴുകി വൃത്തിയാക്കിയ കുരുമുളക് അതിൻറെ പച്ചനിറം നിലനിർത്താൻ ചൂടുവെള്ളത്തിൽ 15 മിനിറ്റ് ഇട്ടശേഷം തണുത്ത വെള്ളത്തിലേക്കു മാറ്റണം (ബ്ലാഞ്ചിംഗ്).

ഈ പ്രക്രിയ വഴി കുരുമുളകിന് തവിട്ടുനിറമുണ്ടാക്കുന്ന എൻസൈമുകൾ നിർവീര്യമാകും. കുരുമുളകിൻറെ മൂപ്പനുസരിച്ച് ബ്ലാഞ്ചിംഗ് ചെയ്യേണ്ട സമയം വ്യത്യാസപ്പെട്ടിരിക്കും.

അതിനുശേഷം ഊഷ്മാവ് ക്രമീകരിച്ചു യന്ത്രത്തിൽ (ഡി ഹൈഡ്രേറ്റുകളിൽ 60 ഡിഗ്രി സെൽഷ്യസ്) 12 16 മണിക്കൂർ ഉണക്കിയെടുക്കുന്പോൾ നിർജലീകരിച്ച കുരുമുളകായി.

ഇങ്ങനെയുള്ള കുരുമുളക് വെള്ളത്തിലിട്ടാൽ വീണ്ടും പച്ചക്കുരുമുളക് പോലെയാകും. ഇത് ഒരു വർഷത്തിൽ കൂടുതൽ കേടു കൂടാതെ സൂക്ഷിക്കാം.

മൂപ്പെത്താൻ ഒരു മാസമുള്ളപ്പോൾ ശേഖരിക്കുന്ന കുരുമുളകാണ് ഇതിന് ഉപയോഗിക്കുന്നത്. വിളവെടുത്ത പച്ചക്കുരുമുളക് ഉതിർത്തെടുത്ത് ശുചിയാക്കിയശേഷം 2 ശതമാനം വീര്യമുള്ള ഉപ്പ് ലായനിയിലിട്ട് 0.2 ശതമാനം സിട്രിക് ആസിഡ് ചേർത്ത് 80 ഡിഗ്രി സെൽഷ്യസ് ചൂടിൽ അണുവിമുക്തമാക്കിയശേഷം ക്യാനിലടച്ചു സൂക്ഷിക്കാം.



ഈ രീതിയിൽ കുരുമുളകിൻറെ സ്വാഭാവിക നിറവും, ഗുണമേന്മയും നിലനിർത്താൻ കഴിയും.

പച്ചക്കുരുമുളക് 1000 പി.പി.എം (1 ഗ്രാം/1 ലിറ്റർ) സൾഫർ ഡൈ ഓക്സൈഡും, 0.2% സിട്രിക്ക് ആസിഡും ചേർത്ത് 20 ശതമാനം വീര്യമുള്ള ഉപ്പു ലായനിയിലിട്ടു കുപ്പികളിലാക്കി സൂക്ഷിക്കണം.മണികളുടെ നിറം നിലനിർത്താനാണു സിട്രിക് ആസിഡ് ചേർക്കുന്നത്.

വിളവെടുത്ത കുരുമുളക് നന്നായി കഴുകി ഉപ്പിൻറെ 2024 ശതമാനം പൂരിത ലായനിയിൽ 1.5 ശതമാനം അസറ്റിക് ആസിഡും ചേർത്തു ഇട്ടുവയ്ക്കണം.

ആദ്യത്തെ 45 ദിവസത്തിനിടയ്ക്ക് 3 തവണ (20,30,35 ദിവസങ്ങളിൽ) കുരുമുളക് കഴുകി ഉപ്പ് ലായനി മാറ്റികൊടുക്കണം. 23 മാസത്തിനുശേഷം കുരുമുളക് ഊറ്റിയെടുത്ത് പൊളിത്തീൻ കവറുകളിൽ സൂക്ഷിക്കണം.

നിർജലീകരിച്ച പച്ചക്കുരുമുളകിനേക്കാൾ ഗുണമേന്മയുള്ളതും ക്യാൻ ചെയ്തതും കുപ്പിയിലടച്ചതുമായ കുരുമുളകിനെക്കാൾ ചെലവു കുറഞ്ഞതുമാണ് ഈ രീതി.

മൂപ്പെത്താത്ത കുരുമുളക് മണികൾ ശീതികരണം വഴി ജലാംശം കുറയ്ക്കുന്നതാണ് ഈ രീതി. നന്നായി കഴുകി വൃത്തിയാക്കിയ കുരുമുളക് ബ്ലാം ഞ്ചിംഗ് ചെയ്തശേഷം ശീതികരണികളിൽ 30 40 ഡിഗ്രി സെൽഷ്യസ് വരെ തണുപ്പിച്ചാണ് ഇതുണ്ടാക്കുന്നത്.

ശീതീകരിച്ചു കഴിഞ്ഞാൽ ഇതിൽ 24 ശതമാനം ജലാംശം മാത്രമേ ഉണ്ടാവുകയുള്ളൂ. ഭാരവും കുറവായിരിക്കും. മറ്റു രീതികളെ അപേക്ഷിച്ചു കൂടുതൽ ഗുണമേന്മയുള്ള പച്ചകുരുമുളക് ലഭിക്കുന്നത് ഈ രീതി വഴിയാണ്.

പച്ചക്കുരുമുളകിൽ നിന്നു വിപണി സാധ്യതയുള്ള മറ്റു പല ഉത്പന്നങ്ങളും നിർമിക്കാം. പച്ചക്കുരുമുളക് പേസ്റ്റ്, പച്ചക്കുരുമുളക് സോസ്, പച്ചക്കുരുമുളക് അച്ചാർ എന്നിവയാണ് അവയിൽ പ്രധാനം.

കുരുമുളക് പൊടി കാർബണിക ലായകങ്ങളായ എത്തനോൾ, അസറ്റോൺ ഡൈക്ലോറാ ഈഥർ തുടങ്ങിയവ ഉപയോഗിച്ച് വാറ്റിയെടുത്താൽ കുരുമുളകിനു മണവും എരിവും നൽകുന്ന സത്തു മുഴുവൻ വേർതിരിച്ചെടുക്കാം.

ഇത് ഓലിയോറെസിൻ അഥവാ വാറ്റ് സത്ത് എന്നാണ് അറിയപ്പെടുന്നത്. കുരുമുളക് വാറ്റിയെടുക്കുന്പോൾ 1012 ശതമാനം വരെ ഓലിയോറെസിൻ കിട്ടും. വാറ്റിയെടുത്ത ഉടനെ കടുത്ത പച്ചനിറവും കുരുമുളകിൻറെ രൂക്ഷഗന്ധവുമുണ്ടാകും.

1520 കിലോ ഉണക്ക കരുമുളകിനു പകരം ഒരു കിലോ ഓലിയോറെസിൻ മതിയാകും. ഇതിൽ പൈപ്പറിൻ എന്ന ആൽക്കലോയിഡിൻറെ അളവ് 3550 ശതമാനം വരെയാണ്.

ഉണക്കിയ കുരുമുളക് പൊടിച്ചു നീരാവിയിൽ വാറ്റിയെടുത്താൽ 2.5 മുതൽ 3.5 ശതമാനം വരെ തൈലം കിട്ടും. ഇതു സുഗന്ധദ്രവ്യങ്ങളുടെ നിർമാണത്തിലും ഭക്ഷണ സാധനങ്ങൾക്ക് മണം ലഭിക്കുന്നതിനുമായി ഉപയോഗിക്കാം.

വെള്ള കുരുമുളകിൽ നിന്നു തൈലം വാറ്റിയെടുക്കാമെങ്കിലും അതിൻറെ വിലയും ലഭിക്കുന്ന തൈലത്തിൻറെ അളവും താരതമ്യം ചെയ്യുന്പോൾ വ്യാവസായികാടിസ്ഥാനത്തിൽ ഈ രീതി അഭികാമ്യമല്ല.



വിശ്വ ഹിന്ദു പരിഷത്ത് ചോറ്റാനിക്കര പ്രഖണ്ഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സാമുദായിക സംഘടനകളുടെയും ക്ഷേത്ര ചുമതലക്കാരുടെയും സമന്വയ സംഗമത്തിൽ വി.എച്ച്.പി സംസ്ഥാന ജനറൽ സെക്രട്ടറി വി.ആർ രാജശേഖർ തിരിതെളിയിക്കുന്നു.വി.എച്ച്.പി അഖിലേന്ത്യാ സെക്രട്ടറി ദേവ്ജി,ജില്ലാ പ്രസിഡന്റ് വി. ശ്രീകുമാർ,വെളിയനാട് ചിന്മയ മിഷൻ അധ്യക്ഷൻ ശാരദാനന്ദ സ്വാമികൾ തുടങ്ങിയവർ സമീപം

## സമന്വയ സംഗമം നടത്തി

**കൊച്ചി:**വിശ്വ ഹിന്ദു പരിഷത്ത് ചോറ്റാനിക്കര പ്രഖണ്ഡിന്റെ നേതൃത്വത്തിൽ സാമുദായിക സംഘടനകളുടെയും ക്ഷേത്ര ചുമതലക്കാരുടെയും സമന്വയ സംഗമം സംഘടിപ്പിച്ചു.

വി.എച്ച്.പി ജില്ലാ പ്രസിഡന്റ് വി. ശ്രീകുമാർ അധ്യക്ഷത വഹിച്ചു. വെളിയനാട് ചിന്മയ മിഷൻ അധ്യക്ഷൻ ശാരദാനന്ദ സ്വാമികൾ, വി.എച്ച്.പി അഖിലേന്ത്യാ സെക്രട്ടറി ദേവ്ജി, സംസ്ഥാന ജനറൽ സെക്രട്ടറി വി ആർ രാജശേഖർ, സംസ്ഥാന ജോയിന്റ് സെക്രട്ടറി അഭിനു സുരേഷ് , സാമൂഹിക സമരസത സംസ്ഥാന സംയോജക് എം ടി മുരളി തുടങ്ങിയവർ പങ്കെടുത്തു.

തുടർന്ന് നടന്ന ചർച്ചയിൽ വി ആർ രാജശേഖർ കാര്യങ്ങൾ വിശദീകരിച്ചു



## സംസ്ഥാനത്ത് ഭിന്നശേഷി പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കും : മന്ത്രി ആർ. ബിന്ദു

**തൃശൂർ:** ഭിന്നശേഷി വിഭാഗക്കാർക്ക് സമൂഹജീവനം സാധ്യമാക്കുന്ന പുനരധിവാസ ഗ്രാമങ്ങൾ നിലമ്പൂർ, പുനലൂർ, കാട്ടാക്കട, മൂളിയാട് അടക്കം നാല് സ്ഥലങ്ങളിൽ സാമൂഹ്യ നീതി വകുപ്പ് ആരംഭിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു. കല്ലേറ്റുംകരയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷനിൽ (നിപ്മർ) പുനരധിവാസ ഗ്രാമങ്ങളെ കുറിച്ച് നടത്തിയ ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

ഭിന്നശേഷിക്കാർക്കായി പുനരധിവാസ ഗ്രാമങ്ങൾ സർക്കാരിന്റെ സ്വപ്ന പദ്ധതിയാണ്. മൂന്ന് വർഷത്തിനകം പൂർത്തീകരിക്കുകയാണ് ലക്ഷ്യം.

ആദ്യഘട്ടത്തിൽ മൂളിയാട്, നിലമ്പൂർ, പുനലൂർ, കാട്ടാക്കട എന്നിവിടങ്ങളിൽ ഭിന്നശേഷി ഗ്രാമങ്ങൾ ആരംഭിക്കാൻ സർക്കാരിന് ഭൂമി ലഭ്യമായിട്ടുണ്ട്. സമഗ്ര പ്രപ്പോസൽ തയ്യാറാക്കുന്നതിനായാണ് ശില്പശാല സംഘടിപ്പിക്കുന്നത്. ഭിന്നശേഷി ഗ്രാമങ്ങളിൽ

തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, പ്രത്യേക വിദ്യാലയങ്ങൾ, പകൽ പരിശീലന കേന്ദ്രങ്ങൾ, ഭിന്നശേഷി സൗഹൃദ കളിസ്ഥലങ്ങൾ, പുനരധിവാസ സ്ഥാപനങ്ങൾ, ആരോഗ്യ കേന്ദ്രം തുടങ്ങിയവയുണ്ടാകും.

പൂർണ്ണമായും ഭിന്നശേഷി സൗഹൃദ സംസ്ഥനമാക്കി കേരളത്തെ മാറ്റുകയാണ് സർക്കാരിന്റെ ലക്ഷ്യം. നിപ്മറിനെ മികവിന്റെ കേന്ദ്രമായി വളർത്തും. ഈ വർഷം നിപ്മറിന് 12 കോടി അനുവദിച്ചത് വരും വർഷങ്ങളിൽ പതിനഞ്ചു കോടിയായി വർധിപ്പിക്കാനാണ് ശ്രമം. വികലാംഗ ക്ഷേമ കോർപ്പറേഷൻ വികസിപ്പിക്കും. ശാരീരിക പരിമിതി മറികടക്കാനുള്ള ഉപകരണങ്ങൾ പുനരധിവാസ ഗ്രാമങ്ങളിൽ നൽകാൻ മദ്രാസ് ഐ.ഐ.ടി. പോലെയുള്ള കേന്ദ്രങ്ങളുടെ ഉപദേശം തേടും.

ഭിന്നശേഷി വിഭാഗക്കാരുടെ ഉന്നമനത്തിനായി യോജിച്ചുള്ള പ്രവർത്തനങ്ങൾ വേണം. പൊതു ഇടങ്ങൾ ഭിന്നശേഷി വിഭാഗക്കാർക്ക് പ്രാപ്യമാവണം. ഭിന്നേഷിക്കാരുടെ അവകാശം ഉറപ്പ് വരുത്തുന്ന സംവിധാനങ്ങൾ വേണം. ഭാവിയിലേക്ക് വെളിച്ചം പകരുന്ന പ്രത്യാശയുടെ കേന്ദ്രങ്ങളായി പുനരധിവാസ ഗ്രാമങ്ങൾ മാറണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

## കൊല്ലം തീരത്ത് ഇന്ധന ശേഖരം

# 5,500 മീറ്റർ വരെ ആഴത്തിൽ ഖനനം ചെയ്യാൻ പദ്ധതി

**കൊല്ലം :** ദ്രവ്വാതക ഇന്ധന ശേഖരം കണ്ടെത്തുന്നതിന് കൊല്ലത്തിനു സമീപം ആഴക്കടലിൽ അടുത്ത വർഷം മധ്യത്തോടെ പര്യവേക്ഷണം ആരംഭിക്കും. അസം കേന്ദ്രമായ പൊതുമേഖല സ്ഥാപനമായ ഓയിൽ ഇന്ത്യ ലിമിറ്റഡ് ആണ് പര്യവേക്ഷണം നടത്തുന്നത്. ഇന്ധന സാന്നിധ്യം കണ്ടെത്താനായാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക, വ്യാവസായിക, വികസനത്തിൽ വലിയ കുതിച്ചു കയറ്റമുണ്ടാകും. കൊല്ലം തുറമുഖത്തു നിന്നു 26 നോട്ടിക്കൽ മൈൽ അകലെ പര്യവേക്ഷണം നടത്താനാണ് പദ്ധതി. 5,500 മീറ്റർ വരെ ആഴത്തിൽ ഖനനം ചെയ്യാനാണ് പദ്ധതി തയാറാക്കിയിരിക്കുന്നത്.



കൂറ്റൻ കപ്പലും ടഗും ഉപയോഗിച്ചാണ് പര്യവേക്ഷണം. ഭൂകമ്പ മാതൃകയിലുള്ള തരംഗം അടിത്തട്ടിലേക്ക് കടത്തിവിട്ട്, അതിന്റെ തിരിച്ചുള്ള പ്രകമ്പനത്തിന്റെ തോത് ശാസ്ത്രീയമായി വിശകലനം ചെയ്താണ് പര്യവേക്ഷണം നടത്തുന്നത്. ഓയിൽ ഇന്ത്യയുടെ കാക്കിനാട യൂണിറ്റ് ആണ് വിദഗ്ധരെ നിയോഗിക്കുന്നതും യന്ത്ര സാമഗ്രികൾ വാടകയ്ക്ക് എടുക്കുന്നതും ഉൾപ്പെടെയുള്ള പ്രവർത്തനം ഏകോപിപ്പിക്കുന്നത്. പര്യവേക്ഷണത്തിന് ആവശ്യമായ കൂറ്റൻ പൈപ്പുകൾ ഉൾപ്പെടെയുള്ള സാമഗ്രികൾ എത്തിക്കുന്നതും ജീവനക്കാർക്കുള്ള ഭക്ഷണം, കുടിവെള്ളം എന്നിവ സംഭരിക്കുന്നതും തുറമുഖം വഴിയായിരിക്കും.

പര്യവേക്ഷണവുമായി ബന്ധപ്പെട്ട് ചില സ്വകാര്യ സ്ഥാപനങ്ങളുടെയും ഓയിൽ ഇന്ത്യയുടെയും പ്രതിനിധികൾ തുറമുഖം സന്ദർശിച്ചു സൗകര്യങ്ങൾ വിലയിരുത്തിയിരുന്നു. പര്യവേക്ഷണത്തിന് നാവിക സേനയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പര്യവേക്ഷണം നടത്താൻ ലക്ഷ്യമിടുന്ന മേഖലയിൽ 2020 ഡിസംബറിനും 2021 ജനുവരിക്കും ഇടയിൽ പ്രാഥമിക സർവേയിൽ ഇന്ധന സാന്നിധ്യത്തിന്റെ സൂചന ലഭിച്ചിരുന്നു. ആഴക്കടലിൽ ക്രൂ!ഡ് ഓയിലിന്റെ സാന്നിധ്യമുള്ള 18 മേഖലകൾ സർവേയിൽ തിരിച്ചറിഞ്ഞിരുന്നു എന്നാണ് വിവരം.

പര്യവേക്ഷണത്തിൽ മതിയായ നിലയിൽ ഇന്ധന സാന്നിധ്യം കണ്ടെത്താനായാൽ കൊല്ലം തുറമുഖത്തിനു വലിയ നേട്ടമാകും. ഖനനം ചെയ്യുന്ന ഇന്ധനം സംസ്കരണത്തിനായി കൊണ്ടുപോകുന്നത് കൊല്ലം തുറമുഖം വഴിയായിരിക്കും. ഇന്ധന പ്രകൃതി വാതക കോർപറേഷൻ നേരത്തെ കൊച്ചിക്കു സമീപം ആഴക്കടലിൽ ഇന്ധന സാന്നിധ്യം കണ്ടെത്താൻ പര്യവേക്ഷണം നടത്തിയിരുന്നെങ്കിലും വിജയിച്ചിരുന്നില്ല. വാണിജ്യാടിസ്ഥാനത്തിൽ ഖനനം ചെയ്യുന്നതിനുള്ള ഇന്ധന ലഭ്യത ഇല്ലെന്നായിരുന്നു കണ്ടെത്തൽ. കൊല്ലത്ത് വാണിജ്യാടിസ്ഥാനത്തിൽ ഇന്ധന ലഭ്യത ഉണ്ടെന്ന് കണ്ടെത്തിയാൽ മാത്രമെ പദ്ധതി വിജയിക്കുകയുള്ളു.

# കൊടുങ്ങല്ലൂർ ഉൾനാടൻ മത്സ്യമേഖലയ്ക്കായി മാസ്റ്റർ പ്ലാൻ

**കൊടുങ്ങല്ലൂർ:** കൊടുങ്ങല്ലൂരിലെ ഉൾനാടൻ മത്സ്യ മേഖലയ്ക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ . സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിൽ നടന്ന തീരസദസ്സ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി .

കൊടുങ്ങല്ലൂർ മാസ്റ്റർ പ്ലാൻ കൊടുങ്ങല്ലൂരിന്റെ സമഗ്ര വളർച്ചയ്ക്ക് കാരണമാകും. ഉൾനാടൻ മത്സ്യ കൃഷിക്കാർ ഏറ്റവും കൂടുതൽ ഉള്ള മണ്ഡലമാണ് കൊടുങ്ങല്ലൂർ . എല്ലാ ജലാശയങ്ങളിലും മത്സ്യകൃഷി ആരംഭിക്കാനാണ് ലക്ഷ്യം. കൃഷിക്കാരെയും തൊഴിലാളികളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു മാസ്റ്റർ പ്ലാനാകും. ഇത് സംബന്ധിച്ച് പ്രത്യേക യോഗം എംഎൽഎയുടെ നേതൃത്വത്തിൽ വിളിച്ചുചേർക്കുമെന്നും മന്ത്രി പറഞ്ഞു.

മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് സർക്കാർ ലക്ഷ്യമിടുന്നത്. തീരമേഖലയിൽ വിദ്യാഭ്യാസത്തിലൂടെ മുന്നേറ്റം ഉണ്ടാകണം. അനധികൃത മത്സ്യബന്ധനത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും മത്സ്യബന്ധന മേഖലയിലെ ലഹരിയുടെ ഉപയോഗത്തിൽ ബോധവത്കരണം നടത്തണമെന്നും മന്ത്രി പറഞ്ഞു.

ഫിഷറീസ് വകുപ്പിന്റെ സേവനങ്ങൾ പലതും അറിയാതെ പോകുന്നുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസം തൊഴിൽ എന്നീ മേഖലകളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ വേണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കടലാക്രമണം മുതൽ മത്സ്യതൊഴിലാളികളുടെ ജീവിത സുരക്ഷിതത്വം വരെ ഉറപ്പിക്കാൻ തീരദേശ മേഖലയിൽ നിരവധി പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നതെന്നും തീര സദസിലൂടെ മത്സ്യത്തൊഴിലാളികളുടെയും ജനപ്രതിനിധികളുടെയും പ്രശ്നങ്ങൾ കേൾക്കുകയും ചർച്ച ചെയ്യുകയും പരിഹരിക്കുകയും തീരുമാനമെടുക്കുകയാണെന്നും ചടങ്ങിൽ വിശിഷ്ടാതിഥിയായ റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ പറഞ്ഞു.

കൊടുങ്ങല്ലൂർ മുനിസിപ്പൽ ടൗൺഹാളിൽ നടക്കുന്ന ചടങ്ങിൽ അഡ്വ. വി. ആർ സുനിൽകുമാർ എംഎൽഎ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി കെ ഡേവിസ് മാസ്റ്റർ മുഖ്യാതിഥിയായി. തീരമേഖലയിലെ ജനങ്ങളുമായി സംവദിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിൽ മനസ്സിലാക്കി പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ലക്ഷ്യമിട്ടാണ് ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തീര സദസ്സ് സംഘടിപ്പിക്കുന്നത്.

# മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഈ വർഷം നാടിന് സമർപ്പിക്കും: മന്ത്രി പി. രാജീവ്



**കൊച്ചി:** കളമശ്ശേരിയിലെ എറണാകുളം ഗവ. മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഈ വർഷം നാടിന് സമർപ്പിക്കുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. മെഡിക്കൽ കോളേജിൽ പുതുതായി പണി കഴിപ്പിച്ച ഫുഡ്കോർട്ടിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.ഫുഡ് കോർട്ടിലിരുന്ന് ഭക്ഷണം കഴിക്കുന്നവർ ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിയാതെ പ്രത്യേക സ്ഥലങ്ങളിൽ നിക്ഷേപിക്കണം. അതിനായി വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കണം. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കളമശേരി മണ്ഡലത്തിൽ വിപുലമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. മെഡിക്കൽ കോളേജിൽ ഉൾപ്പെടെ എല്ലായിടത്തും ശുചിത്വത്തിനൊപ്പം കളമശ്ശേരി ക്യാംപയിൻ കാര്യക്ഷമമായി നടക്കുന്നുണ്ടെന്നും രണ്ട് വർഷത്തിനുള്ളിൽ ഏറ്റവും മികച്ച മെഡിക്കൽ കോളേജ് ആക്കി മാറ്റുമെന്നും മന്ത്രി പറഞ്ഞു.

ഫുഡ് കോർട്ട് യാഥാർത്ഥ്യമായതോടെ മെഡിക്കൽ കോളേജിൽ നിന്നും സൗജന്യ ഭക്ഷണം ലഭിക്കുന്ന രോഗികൾക്കും വിദ്യാർത്ഥികൾക്കും ഭക്ഷണം ഇരുന്നു കഴിക്കുന്നതിനുള്ള സൗകര്യമാണ് ലഭ്യമാകുന്നത്. മന്ത്രി പി. രാജീവിന്റെ എം.എൽ.എ ഫണ്ടിൽ നിന്നും 20 ലക്ഷം രൂപ ചെലവഴിച്ചാണ് ഫുഡ് കോർട്ട് നിർമ്മിച്ചത്. 663 ചതുരശ്ര അടി, 415 ചതുരശ്ര അടി എന്നിങ്ങനെ രണ്ട് ഫുഡ്കോർട്ടുകൾ അഞ്ച് മാസം കൊണ്ട് പി.ഡബ്ല്യു.ഡിയാണ് നിർമാണം പൂർത്തീകരിച്ചത്. ഒരേസമയം 100 പേർക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനാകുന്ന കെട്ടിടത്തിന് ആവശ്യമായ വൈദ്യുതി, ജല സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.നഗരസഭ ചെയർപേഴ്സൺ സീമ കണ്ണൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ മെഡിക്കൽ സൂപ്രണ്ട് ഡോ. ഗണേഷ് മോഹൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. രശ്മി രാജൻ, വാർഡ് കൗൺസിലർ കെ.കെ ശശി തുടങ്ങിയവർ പങ്കെടുത്തു.

# വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാലിന്യമുക്തമാക്കാൻ ഹരിത സമൃദ്ധം പദ്ധതി



**കൊച്ചി:** വിദ്യാഭ്യാസ സ്ഥാപനങ്ങളെ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ പുതിയ അധ്യയന വർഷം ഹരിത സമൃദ്ധം പദ്ധതിയുമായി ജനകീയ ക്യാംപയിൻ നടത്താൻ ഒരുങ്ങി ജില്ലാ ഭരണകൂടം. പുതിയ അധ്യയന വർഷം ആരംഭിക്കുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസിന്റെയും ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷിന്റെയും നേതൃത്വത്തിൽ നടന്ന യോഗത്തിലാണ് തീരുമാനം.മാലിന്യമുക്ത നവകേരളം ക്യാംപയിനിന്റെ ഭാഗമായാണ് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹരിത സമൃദ്ധം ക്യാംപയിനിൻ നടപ്പാക്കുന്നത്. ജൂൺ ഒന്നു മുതൽ ക്യാംപയിന് തുടക്കമാകും. ക്യാംപയിനിന്റെ ഭാഗമായി സ്കൂൾ മുതൽ കോളേജുകൾ വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹരിത ചട്ടം പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തും. പൂർണ്ണമായും ഹരിത ചട്ടം പാലിച്ചുകൊണ്ടായിരിക്കും പ്രവേശനോത്സവം നടത്തുക. പ്രവേശനോത്സവത്തിനോട് അനുബന്ധിച്ച് ജൂൺ ഒന്നിന് വിദ്യാർത്ഥികൾക്ക് മാലിന്യ സംസ്കരണം, ലഹരി വിമുക്തം തുടങ്ങിയ വിഷയങ്ങളിൽ പ്രതിജ്ഞ ചൊല്ലിക്കൊടുക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം കൃത്യമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തും. മാലിന്യ പരിപാലന ഉപാധികൾ, ജൈവ മാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്ക്കരിക്കാൻ കഴിയുന്ന സംവിധാനങ്ങൾ എന്നിവ ഒരുക്കും. അജൈവ പാഴ് വസ്തുക്കൾ ശേഖരിച്ച് ഹരിതകർമ്മ സേനയ്ക്ക് കൈമാറും. ജൂൺ 5ന് പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി പാഴ് വസ്തുക്കൾ കൊണ്ടുള്ള പെൻസിൽ ചെപ്പ് നിർമ്മാണം, രചനാമത്സരങ്ങൾ, തൈകളുടെ വിതരണം, പച്ചത്തുരുത്തുകളുടെ നിർമ്മാണം എന്നിവ വിദ്യാലയങ്ങളിൽ നടക്കും. ഹയർ സെക്കൻഡറി കോളേജ് തലങ്ങളിലും കൃത്യമായി മാലിന്യ സംസ്ക്കരണം ഉറപ്പാക്കും.ഉറവിടത്തിൽ തന്നെ മാലിന്യം വേർതിരിക്കുകയും അതിന്റെ ശാസ്ത്രീയമായ രീതിയിലുള്ള സംസ്കരണ സംവിധാനമൊരുക്കും.വിദ്യാർത്ഥികളെയും അധ്യാപകരെയും അനധ്യാപകരെയും പങ്കെടുപ്പിച്ച് ക്ലീൻ ഡ്രൈവുകൾ സംഘടിപ്പിക്കും. ക്യാംപയിനിന്റെ ഭാഗമായി വിദ്യാർഥികൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കും. ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ക്യാംപയിൻ നടപ്പിലാക്കും. മാലിന്യ പരിപാലനത്തിലെ മികവ് വിലയിരുത്തി തിരഞ്ഞെടുക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ട്രോഫി നൽകാനും യോഗത്തിൽ തീരുമാനമായി.ആലുവ നഗരസഭ ചെയർമാൻ എം.ഒ ജോൺ, ജില്ലാ വികസന കമ്മീഷണർ എം.എസ് മാധവിക്കുട്ടി, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ഹണി. ജി അലക്സാണ്ടർ, നവ കേരള മിഷൻ ജില്ലാ കോ ഓഡിനേറ്റർ എസ്. രഞ്ജിനി, ശുചിത്വമിഷൻ ജില്ലാ കോ ഓഡിനേറ്റർ കെ.കെ മനോജ്, കോളജിയറ്റ് എഡ്യുക്കേഷൻ ഡെപ്യൂട്ടി ഡി.വി അനിൽ, കേരള ഖര മാലിന്യ പദ്ധതി സോഷ്യൽ എക്സ്പേർട്ട് എസ്.വിനു തുടങ്ങിയവർ പങ്കെടുത്തു.

# സ്മാർട്ട് അങ്കണവാടി ഉദ്ഘാടനം ചെയ്തു



**കൊച്ചി:** ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്തിലെ 16ാം വാർഡിൽ നവീകരിച്ച വൃന്ദാവൻ 124ാം നമ്പർ സ്മാർട്ട് അങ്കണവാടിയുടെ ഉദ്ഘാടനം വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അജി ഹക്കീം നിർവഹിച്ചു. വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ സ്മാർട്ട് അങ്കണവാടി പദ്ധതിയിൽ ഉൾപ്പെടുത്തി 1,25,000 രൂപ ചെലവഴിച്ചാണ് അങ്കണവാടിയുടെ നവീകരണം. ചടങ്ങിനോടനുബന്ധിച്ച് പഞ്ചായത്തുതല അങ്കണവാടികളുടെ പ്രവേശനോത്സവം പഞ്ചായത്ത് പ്രസിഡന്റ് രാജി സന്തോഷ് ഉദ്ഘാടനം ചെയ്തു.കുട്ടികളുടെ സമഗ്രമായ ശാരീരിക, മാനസിക വികാസത്തിനും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുമാണ് സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നത്. ക്ലാസ്സ് റൂം, പ്ലേ റൂം, ടോയ്‌ലറ്റ്, സ്റ്റോർ റൂം ഉൾപ്പെടെയുള്ള സജ്ജീകരണങ്ങളോടെയാണ് അങ്കണവാടിയുടെ നവീകരണം. പഠന മുറിയിലേക്ക് ആവശ്യമായ ആകർഷകമായ കസേരകൾ, മേശകൾ, പ്ലേ റൂമിൽ കളിക്കോപ്പുകൾ, ആകർഷകമായ ചുമർചിത്രങ്ങൾ മുതലായവ ഇതിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. കേരളത്തിലെ അങ്കണവാടിയുടെ പ്രവർത്തനങ്ങൾ പഠിക്കുന്നതിന് അസമിൽ നിന്നെത്തിയ 31 പേർ അടങ്ങുന്ന സംഘം അങ്കണവാടി സന്ദർശിച്ചു.പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മുഹമ്മദ് ഷഫീഖ്, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷീല ജോസ്, പഞ്ചായത്ത് അംഗങ്ങളായ ലീന ജയൻ, റംല അലിയാർ, ലൈല അബ്ദുൾഖാദർ, സി.ഡി.പി.ഒ. ഡോ. ജയന്തി പി. നായർ, അങ്കണവാടി അധ്യാപിക മഞ്ജുഷ ഉദയകുമാർ, കുടുംബശ്രീ പ്രവർത്തകർ, ആശാവർക്കർമാർ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# ലോക ക്വിസ് ചാംപ്യൻഷിപ്പ് ജൂൺ മൂന്നിന്

**കൊച്ചി:** ക്വിസിലെ ലോക ചാമ്പ്യനെ കണ്ടുപിടിക്കാൻ ഇന്റർനാഷണൽ ക്വിസിംഗ് അസോസിയേഷൻ, ജില്ലാ ഭരണകൂടവുമായി ചേർന്ന് ക്വിസ് സംഘാടകരായ ക്യൂ ഫാക്ടറിയുടെ സഹകരണത്തോടെ കേരളത്തിലെ 14 ജില്ലകളിലും ലോക ക്വിസ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നു.ലോകത്തൊമ്പാടുമുള്ള നൂറിലധികം വേദികളിലായി ഒരേ ദിവസം നടക്കുന്ന ഈ മത്സരത്തിൽ എറണാകുളം ജില്ലയിലെ വിജ്ഞാന പ്രേമികൾക്ക് പ്രായ, വിദ്യാഭ്യാസ ഭേദമെന്യേ പങ്കെടുക്കാം. ജൂൺ മൂന്നിന് ഉച്ചകഴിഞ്ഞ് മൂന്നിന് എഴുത്തു പരീക്ഷയുടെ മാതൃകയിലാണ് മത്സരം.ഇന്ത്യയെ പ്രതിനിധീകരിച്ച് ലോക ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാനുള്ള അവസരം ലഭിക്കുന്ന ഈ മത്സരത്തിൽ ശാസ്ത്രം, കായികം, വിനോദം, ചരിത്രം തുടങ്ങി എട്ടു വിഷയങ്ങളിലായി 240 ചോദ്യങ്ങൾ ഉണ്ടാകും. മൂന്നു മണിക്കൂറാണ് മത്സരം. വിജയകരമായി പൂർത്തിയാക്കുന്നവർക്ക്, ക്വിസിംഗിൽലോക റാങ്കിങ്ങും 240 ചോദ്യങ്ങളടങ്ങിയ പുസ്തകവും ഇന്ത്യയെ പ്രതിനിധീകരിച്ചതിനുള്ള സർട്ടിഫിക്കറ്റും ലഭിക്കും.ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ കളക്ടർ എൻ എസ് കെ ഉമേഷ് , ഐ ക്യൂ എ സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. അമ്പിളി ശ്രീനിവാസ്, വസന്ത് കിഷോർ , ദീപക് സുധാകർ , വി വൈഷ്ണവി എന്നിവരടങ്ങുന്ന സംഘാടക സമിതി രൂപീകരിച്ചു. ക്യൂ ഫാക്ടറി കോഓഡിനേറ്റർ വി. വൈഷ്ണവിയെ മത്സരം നിയന്ത്രിക്കുന്ന പ്രോക്ടറായി നിയമിച്ചു.രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും : 9496921086 ,79076 35399, 94956 69086 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക. ഠൂസല്യമഹമ@ഴാമശഹ.രീാ

## പുനരധിവാസം പദ്ധതിയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന പട്ടികജാതി വികസന വകുപ്പ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദുർബല വിഭാഗങ്ങൾ ആയ വേടൻ, നായാടി, കല്ലാടി, അരുന്ധതിയാർ, ചക്ലിയ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും വിവിധ പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു. പഠനമുറി, ടോയ് ലറ്റ് നിർമ്മാണം, കൃഷി ഭൂമി, ഭവന പുനരുദ്ധാരണം എന്നീ പദ്ധതികൾക്കും, ഭൂമി, വീട് എന്നിവ അനുവദിക്കുന്നത് ലൈഫ് ലിസ്റ്റിൽ അർഹതപ്പെട്ട ഗുണഭോക്താക്കൾക്കാണ്. അപേക്ഷകർ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസ്സുകളുമായി ബന്ധപ്പെടണം

## ജില്ലാ വികസന കമ്മീഷണറായി എം.എസ് മാധവിക്കുട്ടി ചുമതലയേറ്റു



**കൊച്ചി:** ജില്ലാ വികസന കമ്മീഷണറായി(ഡി.ഡി.സി) എം.എസ് മാധവിക്കുട്ടി ചുമതലയേറ്റു. 2018 ബാച്ചിലെ ഐ.എ.എസ് ഉദ്യോഗസ്ഥയാണ്. 2019ൽ എറണാകുളത്ത് അസിസ്റ്റന്റ് കളക്ടറായി ജോലിയിൽ പ്രവേശിച്ച മാധവിക്കുട്ടി തിരുവനന്തപുരം സബ് കളക്ടർ, തിരുവനന്തപുരം, കോഴിക്കോട് ജില്ലാ വികസന കമ്മീഷണർ തുടങ്ങിയ ചുമതലകൾ വഹിച്ചിട്ടുണ്ട്. ജില്ലാ വികസന കമ്മീഷണറുടെ ചുമതലയ്ക്കൊപ്പം വൈറ്റില മൊബിലിറ്റി ഹബ് മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ തുടങ്ങിയ അധിക ചുമതലകളും വഹിക്കും.

## വിദ്യാർത്ഥിയ്ക്ക് സ്നേഹ ഭവനം കൈമാറി

**കൊച്ചി:**കോടനാട് മാർ ഔഗേൻ ഹൈസ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥി പി.എ നന്ദു കൃഷ്ണയ്ക്ക് കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സും സ്കൂളും സംയുക്തമായി നിർമ്മിച്ച സ്നേഹ ഭവനത്തിന്റെ താക്കോൽദാനം അസിസ്റ്റന്റ് കളക്ടർ ഹർഷിൽ ആർ.മീണ നിർവഹിച്ചു. ആകെ 6.75 ലക്ഷം രൂപ ചെലവിൽ 560 ചതുരശ്രയടി വിസ്തീർണ്ണത്തിൽ ഒരുക്കിയ വീടിന്റെ നിർമ്മാണത്തിൽ സ്കൗട്ട്സ് ആന്റ് ഗൈഡ്സും പെരുമ്പാവൂർ ലോക്കൽ അസോസിയേഷനും മാർ ഔഗേൻ സ്കൂളിലെ അധ്യാപകരും പൂർവ വിദ്യാർത്ഥികളും പങ്കാളികളായി. വടക്കാംമ്പിള്ളി സ്വദേശികളായ പരേതനായ അയ്യപ്പൻ കുട്ടിയുടെയും മിനിയുടെയും മകനാണ് നന്ദു കൃഷ്ണൻ

## വിരമിച്ച ജീവനക്കാർക്ക് യാത്രയയപ്പ് നൽകി

**കൊച്ചി:** തദ്ദേശ സ്വയംഭരണ വകുപ്പിൻറെ വിവിധ ഓഫീസുകളിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് യാത്രയയപ്പ് നൽകി. ജോയിൻറ് ഡയറക്ടർ പി.എം. ഷഫീഖ് അധ്യക്ഷത വഹിച്ചു. ഫയലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പുതിയ ഇൻറഗ്രേറ്റഡ് സോഫ്റ്റ് വെയർ യോഗത്തിൽ അവതരിപ്പിച്ചു. സേവനത്തിൽ നിന്നും വിരമിക്കുന്ന ജില്ലാ ടൗൺ പ്ലാനർ കെ.എം. ഗോപകുമാ!ർ, ടൗൺ പ്ലാനർ കെ.എം. സിന്ധു, ഡപ്യൂട്ടി ടൗൺ പ്ലാനർ എ. സൗദ, സീനിയർ സൂപ്രണ്ട് ഡൈന്യൂസ് തോമസ് എന്നിവർക്ക് ഉപഹാരം നൽകി. ഡപ്യൂട്ടി ഡയറക്ടർ കെ.ജെ. ജോയ്, അസി. ഡയറക്ടർമാരായ പി.എച്ച്. ഷൈ9, കെ.ജി. ബാബു, അസി. ടൗൺ പ്ലാനർ ഷാജി, ജൂനിയർ സൂപ്രണ്ട് പി.പി. രാജേഷ് എന്നിവർ സംസാരിച്ചു.

## വാക്ക്ഇൻഇന്റർവ്യൂ

**കൊച്ചി:** തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജിൽ പഞ്ചകർമ്മ വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ വാക്ക്ഇൻഇന്റർവ്യൂ നടത്തി കരാറടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിന് ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കരാറടിസ്ഥാനത്തിലുള്ള കാലാവധി പരമാവധി ഒരു വർഷമോ, അതിനുമുമ്പ് സ്ഥിര നിയമനം നടത്തുന്നതുവരേയോ ആയിരിക്കും. യോഗ്യത ആയുർവേദത്തിലെ പഞ്ചകർമ്മ വിഷയത്തിൽ ബിരുദാനന്തര ബിരുദം. എ ക്ലാസ്സ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ പ്രവൃത്തി പരിചയം അഭിലഷണീയം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂൺ അഞ്ചിന് രാവിലെ 11 ന് കൂടിക്കാഴ്ചയ്ക്കായി തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജ് പ്രിൻസിപ്പാൾ മുമ്പാകെ ബയോഡാറ്റ, ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

## തേക്ക് സ്റ്റമ്പ് വിൽപ്പനയ്ക്ക്

**കൊച്ചി:** 2023 ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് തേക്ക് സ്റ്റമ്പ് വിൽപ്പനയ്ക്കായി ഇടപ്പള്ളി മണിമല റോഡിലുള്ള എറണാകുളം സോഷ്യൽ ഫോറസ്ട്രി കോംപ്ലക്സ് കോമ്പൗണ്ടിൽ നിന്നും ലഭ്യമാണ്. തേക്ക് സ്റ്റമ്പ് ഒന്നിന് 15 രൂപ നിരക്കിൽ ലഭ്യമാകും. ആവശ്യക്കാർ ഇനി പറയുന്ന നമ്പറുകളിൽ ബന്ധപ്പെടണം. ഫോൺ 8547603736, 8547603737.

# ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ ആധുനിക സർജിക്കൽ ഓങ്കോളജി തീയറ്റർ തുറന്നു



എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ കൊച്ചിൻ റിഫൈനറിയുടെ പിന്തുണയോടെ നിർമ്മിച്ച ആധുനിക സർജിക്കൽ ഓങ്കോളജി തീയറ്റർ കൊച്ചി റിഫൈനറി എക്സിക്യൂട്ടീവ് ഡയറക്ടർ കെ. അജിത് കുമാർ ഉദ്ഘാടനം ചെയ്യുന്നു. എം.ഒ ജോൺ,ഇന്ദിരാബായ് പ്രസാദ്,മുരളീധരൻ ആലപ്പാട്ട്,ഇക്ബാൽ വലിയ വീട്ടിൽ,അജയ് തറയിൽ,ഡോ.ജോജോ വി.ജോസഫ്,ടോം ജോസഫ്,നേഴ്സിംഗ് സൂപ്രണ്ട് ലീലാമ്മ തുടങ്ങിയവർ സമീപം

**കൊച്ചി :**എറണാകുളം കടവന്ത്ര ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയിൽ കൊച്ചിൻ റിഫൈനറിയുടെ പിന്തുണയോടെ രാജ്യാന്തര നിലവാരത്തിലുള്ള ആധുനിക സർജിക്കൽ ഓങ്കോളജി തീയറ്റർ തുറന്നു. ആശുപത്രി ഹാളിൽ നടന്ന ചടങ്ങിൽ കൊച്ചി റിഫൈനറി എക്സിക്യൂട്ടീവ് ഡയറക്ടർ കെ. അജിത് കുമാർ ഓങ്കോളജി തീയറ്ററിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. സമൂഹ നന്മ ലക്ഷ്യമാക്കി ആരോഗ്യ രംഗത്ത് കൂടുതൽ പിന്തുണ നൽകുന്നതിന്റെ ഭാഗമായിട്ടാണ് ഇന്ദിരാഗാന്ധി സഹകരണ ആശുപത്രിയുമായി കൊച്ചിൻ റിഫൈനറി സഹകരിക്കുന്നതെന്ന് കെ. അജിത് കുമാർ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ആശുപത്രി പ്രസിഡന്റ് എം.ഒ ജോൺ അധ്യക്ഷത വഹിച്ചു. ആശുപത്രി സെക്രട്ടറി അജയ് തറയിൽ ആമുഖപ്രഭാഷണം നടത്തി.ആശുപത്രി മെഡിക്കൽ ഡയറക്ടർ ഡോ.സച്ചിദാനന്ദ കമ്മത്ത്, ഓങ്കോളജി ചീഫ് സർജൻ ഡോ.ജോജോ വി.ജോസഫ് തുടങ്ങിയവർ സംസാരിച്ചു. സർജിക്കൽ ഓങ്കോളജി തീയ്യറ്റർ നിർമ്മാണത്തിന് നേതൃത്വം നൽകിയ സ്ട്രൈഡ് മെഡിക്കൽ സിസ്റ്റത്തിന്റെ ഉടമ ബിജുവിനെ ചടങ്ങിൽ ആദരിച്ചു.അർജ്ജുന അവാർഡ് ജേതാവും വോളിബോൾ മുൻ ഇന്ത്യൻ ക്യാപ്റ്റനുമായ ടോം ജോസഫ്,ആശുപത്രി ബോർഡ് ഓഫ് ഡയറക്ടർമാരായ പി.വി അഷ്റഫ്,എൻ.എ അബ്രാഹം,മുരളീധരൻ ആലപ്പാട്ട്,ഇന്ദിരാബായ് പ്രസാദ്,ഇക്ബാൽ വലിയ വീട്ടിൽ,ആശുപത്രി ജീവനക്കാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ഇന്ത്യൻ ഡെന്റൽ അസോസിയേഷൻ വാക്ക് 'ഒ' റൺ സംഘടിപ്പിച്ചു




**കൊച്ചി:** ഓറൽ ഹെൽത്ത്, ക്യാൻസർ പ്രതിരോധം എന്നിവയുടെ സന്ദേശം പ്രചരിപ്പിക്കുന്നതിനും പുകയില ഉപയോഗത്തിന്റെ അപകടങ്ങളെ കുറിച്ച് ബോധവത്കരണം നടത്തുന്നതിനുമായി ഇന്ത്യൻ ഡെന്റൽ അസോസിയേഷൻ (ഐ ഡി എ) കേരള ഘടകത്തിന്റെ ആഭിമുഖ്യത്തിൽ വാക്ക് 'ഒ' റൺ സംഘടിപ്പിച്ചു. ഡപ്യൂട്ടിഎക്സൈസ് കമ്മീഷണർ ബി. ജയചന്ദ്രൻ ഫ് ളാഗ് ഓഫ് ചെയ്തു.. ഇൻഫോപാർക്ക് എക്സ്പ്രസ് ഹൈവേയിലൂടെ അഞ്ച് കിലോമീറ്റർ നീണ്ട കൂട്ടയോട്ടത്തിൽ ജില്ലയിലെ റണ്ണേർസ് ക്ലബുകളടക്കം പൊതുജനങ്ങൾ പങ്കെടുത്തു. ഉമാ തോമസ് എം എൽ എ വിജയി കൾക്ക് സമ്മാനദാനം നിർവ്വഹിച്ചു.ബെറ്റർ മൗത്ത് ബെറ്റർ ലൈഫ് എന്ന ആശയത്തിലൂന്നിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി പുകയില ഉപയോഗത്തെ കുറിച്ചും വായിലെ അർബുദ പരിശോധനയെ കുറിച്ചും വ്യാപകമായ അവബോധം സൃഷിടിക്കാനുള്ള ജൂലൈ 27 വരെയുള്ള പ്രവത്തനങ്ങളുടെ തുടക്കം കുറിച്ചു. പുകവലി നിർത്താൻ ആഗ്രഹിക്കുന്നവരെ സഹായിക്കുന്നതിനായി പുകയില നിരോധന ക്ലിനിക്കുകൾ ആരംഭിക്കും. സ്കൂളുകൾ,കോളേജുകൾ, കമ്യൂണിറ്റി സെന്ററുകൾ, അങ്കണവാടികൾ എന്നിവിടങ്ങളിൽ വിജ്ഞാനപ്രദമായ സെഷനുകൾ, പ്രഭാഷണങ്ങൾ, ശിൽപശാലകൾ, വായ ശുചിത്വ സംരക്ഷണ പരിശീലനം എന്നിവ നൽകും. കമ്യൂണിറ്റി ഇടപഴകളിലൂടെയും നൂതനാശയങ്ങളിലൂടെയും മൗത്ത്ഹെൽത്ത് ശക്തിപ്പെടുത്താനും പുകയില സംബന്ധമായ രോഗങ്ങൾ തടയാനും കൂടുതൽ പദ്ധതികൾ കേരളത്തിൽ നടപ്പാക്കുമെന്നും ഐ ഡി എ കൗൺസിൽ ഓൺ ഡെന്റൽ ഹെൽത്ത് ചെയർമാൻ ഡോ.സെബി വർഗ്ഗീസ് അറിയിച്ചു.പ്രസിഡന്റ് സംഗീത് ചെറിയാൻ, സെക്രട്ടറി ഡോ. ദീബു ജെ മാത്യു, വൈസ് പ്രസിഡന്റ്റ് ഡോ. ഈപ്പൻ തോമസ്, ഡോ. അൻവർ എം അലി എന്നിവർ പ്രസംഗിച്ചു. മെയ് 31 പുകവലി വിരുദ്ധ ദിനത്തിൽ തിരുവനന്തപുരത്ത് മന്ത്രി ബി.ആർ അനിൽ പങ്കെടുക്കുന്ന പരിപാടിയിൽ ഔദ്യോഗിക ഉദ്ഘാടനം നിർവ്വഹിക്കപ്പെടും.

# 20ന്റെ നിറവിൽ ലിസി ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട്



**കൊച്ചി :** എറണാകുളം ലിസി ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട് 20 വർഷം പൂർത്തീകരിച്ചതിന്റെയും ഒരു ലക്ഷത്തിലധികം പ്രൊസീജിയറുകൾ നടത്തി രോഗികളെ ജീവിതത്തിലേക്ക് തിരികെയെത്തിച്ചതിന്റെയും ആഘോഷം നടത്തി. ബോൾഗാട്ടി ഗ്രാന്റ് ഹയാത്ത് കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ലിസി ആശുപത്രി ചെയർമാൻ എറണാകുളം അങ്കമാലി അതിരൂപത അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കേന്ദ്രമന്ത്രി വി. മുരളീധരൻ, മന്ത്രിമാരായ പി. രാജീവ്, ഹൈബി ഈഡൻ എം.പി., മേയർ അഡ്വ. എം. അനിൽകുമാർ, എം.എൽ.എ മാരായ കെ.എൻ. ഉണ്ണികൃഷ്ണൻ, ടി. ജെ. വിനോദ്, ഉമ തോമസ് എന്നിവർ പങ്കെടുത്തു. ബിഷപ് മാർ ജേക്കബ് മനത്തോടത്ത്, വികാരി ജനറാൾ റവ. ഡോ. വർഗ്ഗീസ് പൊട്ടക്കൽ, ലിസി ആശുപത്രി ഡയറക്ടർ റവ. ഡോ. പോൾ കരേടൻ, ഡോ. ജോസ് ചാക്കോ പെരിയപുറം, ഡോ. റോണി മാത്യു, ഡോ. ജേക്കബ് എബ്രഹാം, ഡോ. ജാബിർ അബ്ദുള്ളക്കുട്ടി എന്നിവർ സംസാരിച്ചു.സമ്മേളനത്തിന് മുന്നോടിയായി ഡോ. ജോ ജോസഫ്, പ്രഫ. എസ്. ശിവശങ്കരൻ എന്നിവർ ആൻജിയോപ്ലാസ്റ്റിക്കും ബൈപ്പാസ് ശസത്രക്രിയക്കും ശേഷമുള്ള ജീവിതത്തെക്കുറിച്ചും, ഭക്ഷണക്രമീകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും സംസാരിച്ചു. ലിസി ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ സ്തുത്യർഹമായ സേവനത്തിന്റെ 20 വർഷങ്ങൾ പൂർത്തിയാക്കിയ സ്റ്റാഫ് അംഗങ്ങളെ ആദരിച്ചു.ലിസി ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട് 20 വർഷം പൂർത്തികരിച്ചതിന്റെ സന്തോഷസൂചകമായി'ലിസി സ്നേഹാർദ്രം' എന്ന പേരിൽ പാവപ്പെട്ട രോഗികൾക്കുള്ള പ്രത്യേക ചികിത്സാ സഹായ പദ്ധതിക്ക് തുടക്കം കുറിച്ചു. രണ്ടു കോടി രൂപയുടെ ചികിത്സാപദ്ധതിയുടെ പ്രഖ്യാപനം മാർ ജേക്കബ് മനത്തോടത്ത് നിർവഹിച്ചു.

# ട്രിവാൻഡ്രം എമർജൻസി മെഡിസിൻ ക്ലബ്ബ് രൂപീകരിച്ച് കിംസ്ഹെൽത്ത്




**തിരുവനന്തപുരം:** ലോക എമർജൻസി മെഡിസിൻ ദിനത്തോടനുബന്ധിച്ച് രണ്ട് സുപ്രധാന സംരംഭങ്ങൾക്ക് തുടക്കംകുറിച്ച് കിംസ്ഹെൽത്ത് തിരുവനന്തപുരം. 24/7 ട്രോമ എമർജൻസി ഹെൽത്ത് നമ്പരിനൊപ്പം ട്രിവാൻഡ്രം എമർജൻസി മെഡിസിൻ ക്ലബ്ബും രൂപീകരിച്ചു. തിരുവനന്തപുരത്തെ വിവിധ ആശുപത്രികളിലെ എമർജൻസി മെഡിസിൻ വിഭാഗങ്ങളെ സംയോജിപ്പിച്ചുകൊണ്ടാണ് ട്രിവാൻഡ്രം എമർജൻസി മെഡിസിൻ ക്ലബ്ബിന്റെയും 24/7 ട്രോമ എമർജൻസി ഹെൽത്ത് നമ്പരിന്റെയും ഉദ്ഘാടനം ഡെപ്യൂട്ടി പൊലീസ് കമ്മീഷണർ, ലോ ആൻഡ് ഓർഡർ ആൻഡ് ട്രാഫിക് വി അജിത് നിർവഹിച്ചത്. അപകടങ്ങൾ ഉണ്ടാകുന്ന സമയങ്ങളിൽ പൊലീസ് ലോ ആൻഡ് ഓർഡർ, മോട്ടോർ വാഹന ഡിപ്പാർട്മെന്റുകൾ എങ്ങനെ ഉത്തരവാദിത്വത്തോടെ പ്രതികരിക്കണമെന്ന കൃത്യമായ പരിശീലനം നൽകേണ്ടത് അത്യാവശ്യമാണെന്ന് ചടങ്ങ് ഉദ്ഘാടനം ചെയ്തുകൊണ്ട് ഡെപ്യൂട്ടി പൊലീസ് കമ്മീഷണർ വി അജിത് അഭിപ്രായപ്പെട്ടു. അപകടത്തിൽപെട്ടവർക്ക് കൃത്യമായ പരിചരണം നൽകുന്നതോടൊപ്പം അവർ കൃത്യസമയത്ത് തന്നെ ആശുപത്രിയിലെത്തുന്നുവെന്നും പൊലിസും പൊതുജനങ്ങളും ഉറപ്പുവരുത്തേണ്ടതും അവശ്യമാണെന്ന് പറഞ്ഞ അദ്ദേഹം ട്രോമ എമർജൻസി നമ്പർ അവതരിപ്പിച്ച കിംസ്ഹെൽത്തിന്റെ നടപടി മാതൃകപരവും സമൂഹത്തിന് ഉപകാരപ്രതമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അടിയന്തിര മെഡിക്കൽ സേവനങ്ങൾ വർദ്ധിപ്പിക്കുന്നതിനോടൊപ്പം പരസ്പര സഹകരണവും വളർത്തുക എന്നതാണ് ക്ലബ്ബിന്റെ രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അടിയന്തര ഘട്ടത്തിൽ കിംസ്ഹെൽത്തിലെ എമർജെൻസി മെഡിസിൻ വിഭാഗത്തിലെ ഡോക്ടർമാരുടെ അടിയന്തര ശ്രദ്ധ ലഭിക്കാൻ 04714711911 എന്ന ട്രോമ എമർജൻസി ഹെൽത്ത് നമ്പർ പൊതുജനങ്ങൾക്ക് സഹായകരമാകുമെന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ കിംസ്ഹെൽത്ത് ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ ഡോ. എം.ഐ സഹദുള്ള പറഞ്ഞു. എമർജൻസി മെഡിക്കൽ സേവനങ്ങൾ വർധിപ്പിക്കുന്നതിലും തിരുവനന്തപുരത്തെ ആരോഗ്യപരിപാലന വിദഗ്ധർക്കിടയിൽ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനും കിംസ്ഹെൽത്ത് മുൻനിരയിൽ തന്നെയുണ്ടെന്നതിൽ അഭിമാനമുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ സമൂഹത്തിന് ആധുനികവും മികച്ച നിലവാരത്തിലുള്ളതുമായ ആരോഗ്യ സേവനങ്ങൾ നൽകുകയെന്ന ലക്ഷ്യത്തിലെ നാഴികകല്ലാണ്. ആരോഗ്യപ്രവർത്തകർക്കിടയിലെ സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനും മേഖലയിലുടനീളമുള്ള നൂതനമായ സമീപനങ്ങൾ ചർച്ച ചെയ്യുന്നതിനും ഈ കൂട്ടായ്മയിലൂടെ സാധിക്കും അദ്ദേഹം കൂട്ടിച്ചേർത്തു.നിങ്ങളുടെ സുരക്ഷയാണ് ഞങ്ങളുടെ മുൻഗണനയെന്നതാണ് ഈ വർഷത്തെ ലോക എമർജൻസി മെഡിസിൻ ദിനത്തിന്റെ ആശയം. എമർജൻസി മെഡിസിൻ വിഭാഗത്തിലെ ഡോക്ടർമാരുടെ ഫ്ലാഷ് മോബും ചടങ്ങിനോട് അനുബന്ധിച്ച് നടന്നു. മെഡിക്കൽ സൂപ്രണ്ടന്റ് ഡോ. പ്രവീൺ മുരളീധരൻ,കൺസൾട്ടന്റ് ആന്റ് ക്ലിനിക്കൽ ആൻഡ് അക്കാദമിക് കോർഡിനേറ്റർ ഡോ.ഡോ. കെ.യു ഷമീം , ഡോ. അവിനാഷ് നാനിവഡേക്കർ തുടങ്ങിയവർ സംസാരിച്ചു.

# പ്രു കോൺസ്റ്റന്റ് മെച്യൂരിറ്റി ഫണ്ട് അവതരിപ്പിച്ചു

ICICI PRUDENTIAL LIFE INSURANCE

**തൃശൂർ:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് ഐസിഐസിഐ പ്രു കോൺസ്റ്റന്റ് മെച്യൂരിറ്റി ഫണ്ട് അവതരിപ്പിച്ചു.ഉപഭോക്താക്കൾക്ക് നിലവിലെ ഉയർന്ന പലിശ നിരക്കിൽ തങ്ങളുടെ നിക്ഷേപങ്ങൾ ലോക്കു ചെയ്യാൻ സൗകര്യം നൽകുന്നതും ദീർഘകാല സമ്പത്തു സൃഷ്ടിച്ച് സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കാൻ സഹായിക്കുന്നതിനും ലക്ഷ്യമിട്ടാണ് പ്രു കോൺസ്റ്റന്റ് മെച്യൂരിറ്റി ഫണ്ട് അവതരിപ്പിച്ചിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.ലൈഫ് ഇൻഷൂറൻസ് മേഖലയിൽ നിന്നുള്ള ഇത്തരത്തിലെ ആദ്യ ഫണ്ടായ ഇത് നിലവിലുള്ള പലിശ നിരക്കു രീതിയിൽ നിക്ഷേപിക്കാനുള്ള മികച്ച അവസരമാണ് ഉപഭോക്താക്കൾക്കു നൽകുന്നത്. പലിശ നിരക്കുകൾ ഉയർന്ന നിലയിൽ തുടരുമ്പോൾ പലിശ നിരക്കിലുണ്ടാകുന്ന ഏത് ഇടിവും ഡെബ്റ്റ് പദ്ധതികളെ ആകർഷകമായ ഒരു നിക്ഷേപ അവസരമാക്കി മാറ്റും. ഡെബ്റ്റ് പദ്ധതികളും പലിശ നിരക്കുകളും തമ്മിലുള്ള എതിർ ദിശയിലുള്ള ബന്ധമാണിതിനു കാരണം. കമ്പനിയുടെ പതാകവാഹക യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാൻസ് (യൂലിപ്) പദ്ധതികളുമായുള്ള നിക്ഷേപത്തിനാണ് ഈ ഫണ്ട് ലഭ്യമായിട്ടുള്ളത്. ലൈഫ് പരിരക്ഷ, കുടുംബത്തിന് സാമ്പത്തിക സുരക്ഷിതത്വം, ദീർഘകാലത്തിൽ സമ്പത്തു സൃഷ്ടിക്കാനുള്ള അവസരം തുടങ്ങിയവയാണ് യൂലിപ് പദ്ധതികൾ ഉപഭോക്താക്കൾക്കു നൽകുന്നതെന്നും കമ്പനി അധികൃചർ വ്യക്തമാക്കി. ഐസിഐസിഐ പ്രു കോൺസ്റ്റന്റ് മെച്യൂരിറ്റി ഫണ്ടിന്റെ യൂണിറ്റുകൾ 2023 മെയ് 15 മുതൽ വാങ്ങാം. യൂലിപ്പിലുള്ള നിക്ഷേപങ്ങൾ വാർഷിക പ്രീമിയത്തിന്റെ 10 മടങ്ങ് ലൈഫ് ഇൻഷുറൻസ് നൽകുന്നതാണെങ്കിൽ 2.5 ലക്ഷം രൂപ വരയുള്ള വാർഷിക നിക്ഷേപങ്ങൾക്ക് നികുതി ആനുകൂല്യങ്ങൾ നൽകുകയും കാലാവധി കഴിഞ്ഞു കിട്ടുന്ന തുക നികുതി വിമുക്തമായിരിക്കുകയും ചെയ്യുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി

iT Kerala

**തിരുവനന്തപുരം:** സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി ടെക്നോപാർക്ക്, പാർക്ക് സെന്റർ സ്റ്റാഫ് അസോസിയേഷൻ പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. തിരുവനന്തപുരം കല്ലറയിൽ, 1921ൽ ലൂതറൻ മാനേജ്മെന്റിന്റെ കീഴിൽ സ്ഥാപിതമായ, ഏകദേശം 150ഓളം കുരുന്നുകൾ പഠിക്കുന്ന എൽ എം എൽ പി എസ് അരിവാരിക്കുഴി സ്കൂളിലെ 25 വിദ്യാർത്ഥികൾക്കാണ് ടെക്നോപാർക്ക് ക്യാമ്പസ്സ് സന്ദർശിക്കാനും പ്രവർത്തനം പരിചയപ്പെടാനും അവസരമൊരുങ്ങിയത്. ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ സഞ്ജീവ് നായർക്കൊപ്പം(റിട്ട.) ഒരു മണിക്കൂറിലധികം ചെലവഴിച്ച കുട്ടികൾ പല വിധത്തിലുള്ള കലാ പരിപാടികൾ അവതരിപ്പിച്ചു. ടെക്നോപാർക്ക് ചീഫ് ഫിനാൻസ് ഓഫീസർ ജയന്തി ലക്ഷ്മി, ജനറൽ മാനേജർ (പ്രൊജക്റ്റ്സ്) മാധവൻ പ്രവീൺ, കേരള ഐ.ടി പാർക്സ് ചീഫ് മാർക്കറ്റിംഗ് ഓഫീസർ മഞ്ജിത്ത് ചെറിയാൻ, അസിസ്റ്റന്റ് മാനേജർ (എച്ച് ആർ ആൻഡ് ലീഗൽ) ശ്രീജ വിജയൻ, അസോസിയേഷൻ പ്രസിഡന്റ് രാഹുൽ തമ്പി, സെക്രട്ടറി മധു ജനാർദ്ദനൻ തുടങ്ങിയവർ സംസാരിച്ചു.

# കുഫോസിൽ ഒഴിവുകൾ

**കൊച്ചി** കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) ഗവേഷണ പദ്ധതിയിൽ ജൂനിയർ റിസർച്ച് ഫെല്ലോയുടെയും ഫീൽഡ് അസിസ്റ്റൻറിയും ഒഴിവുണ്ട്. നാല് വർഷത്തെ കരാർ അടിസ്ഥാനത്തിലാണ് നിയമനം. ഫിസിക്കൽ ഓഷ്യാനോഗ്രഫിയിൽ എം.എസ്.സി / കോസ്റ്റൽ ആൻറ് ഹാർബർ എഞ്ചിനിയറിങ്ങിൽ എം.ടെക് ഒന്നാം ക്ളാസിൽ നേടിയവർക്ക് ജൂനിയർ റിസർച്ച് ഫെല്ലോയുടെ തസ്തികയിലേക്ക് അപേക്ഷിക്കാം. സമാന മേഖലയിൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. ഫിസിക്സ് / മാത്സ് / സിവിൽ എഞ്ചിനിയറിങ്ങ് എന്നിവയിൽ ബിരുദമുള്ളവർക്ക് ഫീൽഡ് അസിസ്റ്റൻറ് തസ്തികയിലേക്ക് അപേക്ഷിക്കാം. അവസാന തിയ്യതി ജൂൺ 12, 2023. കൂടുതൽ വിവരങ്ങൾക്ക് കുഫോസ് വെബ് സെറ്റ് (www.kufos.ac.i) സന്ദർശിക്കുക.

# ടൊയോട്ട ഗ്രേറ്റ് 4X4 എക്സ്പെഡിഷൻ ആദ്യ സോണൽ ഡ്രൈവിന് തുടക്കം

**കൊച്ചി:** ടൊയോട്ട കിർലോസ്കർ മോട്ടോഴ്സിന്റെ ഗ്രേറ്റ് 4X4 എക്സ്പെഡിഷന് തുടക്കമായി. മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന സാഹസിക ഡ്രൈവിന്റെ സതേൺ സോണൽ ഡ്രൈവാണ് ബെംഗളൂരുവിൽ ഫ്ളാഗ് ഓഫ് ചെയ്തത്. ഈ സംരംഭത്തിലൂടെ ഡ്രൈവിന്റെ ഭാഗമാകുന്ന സാഹസികത ഇഷ്ടപ്പെടുന്നവരെ ഒത്തുചേർക്കാനും അവരുടെ അതിരുകൾ ഭേദിച്ച് പുത്തൻ പര്യവേക്ഷണങ്ങൾ ചെയ്യാനും ടൊയോട്ട കിർലോസ്കർ മോട്ടോഴ്സ് ലക്ഷ്യമിടുന്നു. യാത്രയുടെ ഭാഗമാകുന്ന 4X4 സമൂഹത്തിന് 'മാസ് ഹാപ്പിനെസ്' എത്തിക്കാനാണ് ശ്രമം. ദക്ഷിണേന്ത്യയിൽ നിന്നുള്ള 4X4 താത്പര്യഭരിതരുടെ പങ്കാളിത്തത്തോടെ ബംഗളൂരുവിൽ നിന്നുമാണ് ഡ്രൈവ് ആരംഭിച്ചത്. ഹൈലക്സ്, ഫോർച്യൂണർ 4X4 , എൽസി 300, ഹൈറൈഡർ എഡബ്ല്യൂഡി, അർബൻ ക്രൂയിസർ ഹൈറൈഡർ തുടങ്ങി തങ്ങളുടെ ഉടമസ്ഥതയിലുള്ള അഭിമാന വാഹനങ്ങളുടെ സാധ്യതകൾ പുറത്തെടുക്കാൻ ഓഫ്റോഡിംഗ് പ്രേമികൾ നയിക്കുന്ന 4X4 എസ്‌യുവികളുടെ ആകർഷകമായ വാഹനവ്യൂഹവുമായി രണ്ട് ദിവസം കൊണ്ട് ഹാസൻ, സക്ലേഷ്പൂർ എന്നിവിടങ്ങളിലെ ആവേശകരമായ റൂട്ടുകളിലൂടെ സഞ്ചരിക്കും.പരമാവധി ഓഫ്റോഡ് അനുഭവം വാഗ്ദാനം ചെയ്യുന്നതിന് ആർട്ടിക്കുലേഷൻ, സൈഡ് ഇൻക്ലൈനുകൾ, റാംബ്ലർ, ഡീപ് ഡിച്ച്, സ്ലഷ്, റോക്കി ബെഡ് തുടങ്ങി നിരവധി വെല്ലുവിളി നിറഞ്ഞ തടസ്സങ്ങളോടെ അധിക 4ഡബ്ല്യൂഡി ട്രാക്കുകളും ടൊയോട്ട സൃഷ്ടിച്ചിട്ടുണ്ട്. യാത്രയുടെ ഭാഗമാകുന്നവർ ത്രസിപ്പിക്കുന്ന ഓഫ്റോഡിംഗ് സാഹസികതയിൽ മുഴുകുക മാത്രമല്ല, പ്രദേശത്തിന്റെ പ്രകൃതിസൗന്ദര്യം ആസ്വദിക്കുകയും ചരിത്രപരമായ താൽപ്പര്യമുള്ള സ്ഥലങ്ങൾ പര്യവേക്ഷണം ചെയ്യുകയും ചെയ്യും. സുസ്ഥിരതയ്ക്കും സമൂഹത്തിന് തിരികെ നൽകുന്നതിനുമുള്ള ടൊയോട്ടയുടെ പ്രധാന പ്രതിബദ്ധതയ്ക്ക് അനുസൃതമായി, ഗ്രേറ്റ് 4x4 എക്സ്പെഡിഷനിൽ പങ്കെടുക്കുന്നവർ ഈ ആവേശകരമായ ഡ്രൈവിനിടയിലും സാമൂഹിക വിഷയങ്ങളിൽ തങ്ങളുടെ സംഭാവന ഉറപ്പുവരുത്തും.ടൊയോട്ടയുടെ 4X4 ഗ്രേറ്റ് എക്സ്പെഡിഷൻ ഒരു പുതിയ പ്ലാറ്റ്ഫോം സൃഷ്ടിക്കുന്നതിനും 4x4 കൂട്ടായ്മയുമായി ബന്ധപ്പെടുന്നതിനുമായി രൂപകൽപ്പന ചെയ്തിരിക്കുന്നതാണെന്ന് ഡ്രൈവ് ഫ്ലാഗ് ഓഫ് ചെയ്തുകൊണ്ട് ടൊയോട്ട കിർലോസ്കർ മോട്ടോഴ്സിന്റെ സെയിൽസ് ആൻഡ് സ്ട്രാറ്റജിക് മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് അതുൽ സൂദ് പറഞ്ഞു. ഉത്സാഹഭരിതരായ എല്ലാ പങ്കാളികൾക്കും ഹൃദയംഗമമായ നന്ദി അറിയിക്കുന്നതായും അവർക്ക് സുരക്ഷിതവും അവിസ്മരണീയവും ആഹ്ലാദകരവുമായ ഡ്രൈവ് ആശംസിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.




# കയർ സംഭരണം ഇന്ന് പുനരാരംഭിക്കും

**ആലപ്പുഴ:** കയർഫെഡിലൂടെയുള്ള കയർ സംഭരണം ഇന്ന് മുതൽ പുനരാരംഭിക്കുമെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. കയർ കോർപ്പറേഷന്റെ ആഭ്യന്തര വിപണനം വിപുലമാക്കുന്നതിന്റെ ഭാഗമായി കേരളം, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽ വിതരണത്തിന് തയ്യാറായിട്ടുള്ള ഏജൻസികൾക്കുള്ള ഡിസ്ട്രിബ്യൂഷൻ സർട്ടിഫിക്കറ്റിന്റെ വിതരണവും ആദ്യ ഓർഡറിന്റെ തുക കൈമാറലും ആലപ്പുഴ ഗസ്റ്റ് ഹൗസിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.കാലവർഷം ആരംഭിക്കുന്ന സാഹചര്യത്തിൽ സംഘങ്ങളിൽ സ്റ്റോക്കിരിക്കുന്ന കയർ നശിച്ചു പോകുവാൻ സാധ്യതയുണ്ട്. കയർ സംഭരിക്കാൻ വൈകുന്നത് കയർപിരി തൊഴിലാളികൾക്ക് ജോലി കുറയുന്ന സാഹചര്യവും ഉണ്ടാക്കും. ഇത് പരിഗണിച്ചാണ് സഹകരണ സംഘങ്ങളിൽ ഉത്പാദിപ്പിച്ച് വെച്ചിരിക്കുന്ന കയർ ഇന്ന് മുതൽ സംഭരിക്കുന്നതിന് കയർഫെഡിന് നിർദ്ദേശം നൽകിയിട്ടുള്ളത്.പ്രത്യേക കിഴിവ് നൽകി കയർ വിറ്റഴിക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനായി സർക്കാർ വിലവ്യതിയാന ഫണ്ടിൽ നിന്നും അനുവദിച്ച പ്രൈസ് ഫ്ലക്ച്ചുവേഷൻ ഫണ്ട് ക്ലെയിം, സർവീസ് ചാർജ് എന്നീ ഇനങ്ങളിലായി കയർഫെഡിന് നൽകാനുണ്ടായിരുന്ന മൂന്നര കോടിയോളം രൂപ ഇതിനകം അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ തുകയും കയർഫെഡിന്റെ തനത് ഫണ്ടും കൂടി ഉപയോഗിച്ച് സംഘങ്ങൾക്ക് നൽകാനുള്ള കയർ വില കുടിശ്ശികയും കയർഫെഡിലൂടെ ഇന്ന് മുതൽ നൽകി തുടങ്ങുമെന്നും മന്ത്രി പറഞ്ഞു.

# ഹൃതിക് റോഷൻ എക്സോൺമൊബിൽ ടിഎം പുതിയ ബ്രാൻഡ് അംബാസിഡർ

**കൊച്ചി :**മൊബിൽ ടിഎം കമ്പനിയുടെ പുതിയ ബ്രാൻഡ് അംബാസിഡറായി ബോളിവുഡ് സൂപ്പർ സ്റ്റാർ ഹൃതിക് റോഷനെ പ്രഖ്യാപിച്ചു.ഇന്ത്യയിൽ ഞങ്ങളുടെ മൊബിൽ ലൂബ്രിക്കന്റ്സിനുവേണ്ടി ഹൃതിക് റോഷനുമായി സഹകരിക്കുന്നതിനൽ തങ്ങൾ വളരെ ആവേശത്തിലാണെന്ന് എക്സോൺമൊബിൽ ലൂബ്രിക്കന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് സിഇഒ വിപിൻ റാണ പറഞ്ഞു.ഇന്ത്യയുടെ ലൂബ്രിക്കേഷൻ ആവശ്യങ്ങൾക്കുവേണ്ടി മൊബിലിന് എന്ത് നൽകാൻ കഴിയുമെന്നതിനെ കുറിച്ച് വ്യാപാര പങ്കാളികൾക്കും ഉപഭോക്താക്കൾക്കും ലഭിക്കുന്ന ആത്മവിശ്വാസത്തിൽ അദ്ദേഹത്തിന്റെ വ്യക്തിത്വം പ്രതിധ്വനിക്കുമെന്ന് തങ്ങൾ വിശ്വസിക്കുന്നു. വിപിൻ റാണ പറഞ്ഞു.അതുല്യമായ എഞ്ചിൻ പ്രകടനവും അവരുടെ കാറുകൾ, ട്രക്കുകൾ, മോട്ടോർ സൈക്കിളുകൾ എന്നിവയ്ക്ക് സുരക്ഷയും ലഭിക്കാൻ മൊബിലിന്റെ ഉൽപന്നങ്ങൾ ഉപഭോക്താക്കളെ സഹായിക്കുന്നു. വ്യവസായ രംഗത്ത്, ലോകമെമ്പാടുമുള്ള ഉപഭോക്താക്കളെ ഓരോ




വ്യവസായത്തിലും ചെലവ് കുറയ്ക്കാനും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കാനും ഉപകരണത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്താനും മൊബിൽ സഹായിക്കുന്നുവെന്നും വിപിൻ റാണ പറഞ്ഞു. മൊബിലുമായും അതിന്റെ ലോകമെമ്പാടും അംഗീകരിക്കപ്പെട്ട വിശ്വാസ്യതയുള്ള ബ്രാൻഡ് നാമവുമായും പങ്കാളിയാകുന്നതിനെ താൻ പ്രതീക്ഷയോടെ നോക്കിക്കാണുകയാണെന്നും ജനങ്ങളുടെ ജീവിതത്തിലും സമൂഹത്തിലും മാറ്റം വരുത്തുന്നതിൽ ചാമ്പ്യൻമാരുടെ യഥാർത്ഥ പ്രചോദന ശക്തി ആത്മവിശ്വാസമാണെന്ന് താൻ ശക്തമായി വിശ്വസിക്കുന്നുവെന്നും ഹൃതിക് റോഷൻ അഭിപ്രായപ്പെട്ടു.

